ഡോക്ടർമാരുടെ ദിനം

1 ജൂലൈ 2020
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില : ₹ 17.00

# യുറീക്ക





*Gloriosa superba* മേന്തോന്നി

പിറകോട്ടല്ലോ പൂവിൻ
വിടരൽ, ഇലയറ്റം
ചുരുളായ് പിടിച്ചേറും
ചുരുൾക്കൈക്കേ* ഭാഷാഭേദം

ആളുമഗ്നിതൻ നാളം
ആറിതൾ വിരിയിച്ചുംകൊ–
ണ്ടാളുന്നൂ തമിഴ്നാടിന്റെ
ആസ്ഥാനസ്സൂനമെന്ന പേർ.

* Tendril

ചിത്രവും വരിയും : വിശ്വൻ – 9207 008 943

2020
ജൂലൈ 1
വാല്യം: 42
ലക്കം 3

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com



## ലേഖനങ്ങൾ

6. ഡോക്ടർമാരുടെ ദിനം :
ഡോ.മിഥുൻ സിദ്ധാർഥൻ

10. വേഗത്തിൽ പറ പറക്കുമ്പോൾ... :
കുമാർ പാലോട്

12. മ്യാവൂ പള്ളിക്കൂടങ്ങൾ :
പി.കെ.സുധി

16. ഡോൺ ക്വിക്സോട്ട് :
എം.ഗീതാഞ്ജലി

20. പകർപ്പവകാശം :
ടി.കെ.സുജിത്ത്

32. ശാസ്ത്രക്കൊട്ട :
ശിവപ്രസാദ് പാലോട്

## നോവൽ

34. ഭൂമിയിലെ നക്ഷത്രങ്ങൾ :
പ്രേമജ ഹരീന്ദ്രൻ

## കഥ

14. മരിയ റോസ് എന്ന പൂച്ചക്കുട്ടി :
എ.കെ.ജോഷി

18. കൊറോണ :
സിന്ധു എൻ.പി.

30. സ്നേഹത്തിന്റെ കഥ :
വി.ചന്ദ്രബാബു

## കവിത

9. വിരുന്നുകൂടാൻ വാ :
എം.പി.ചന്ദ്രൻ

27. തിര തിരയുന്നത് :
റഫീക്ക് പൂനത്ത്

31. തീറ്റ :
രതീശൻ ചെക്കിക്കുളം

ചിത്രീകരണം: കെ.സതീഷ്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

**പംക്തികൾ**

8. വരേം കുറീം
22. കാഴ്ചപ്പുറം
24. ഞാറ്റടി
28. തട്ടീം മുട്ടീം
37. പീക്കിരി.ഇൻ
42. യു.മെയിൽ


**കവർ**
വിമൽ ചന്ദ്രൻ





വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ-ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി


മൂന്ന് വാക്കുകൾ ലോകത്തിന്റെ മുക്കിലും മൂലയിലും അലയടിക്കുകയാണ്. മൂന്നേ മൂന്നു വാക്കുകൾ. അതിൽ രോഷത്തിന്റെ കനലുകളുണ്ട്. സ്നേഹത്തിന്റെ കണ്ണീർകണമുണ്ട്. മാനവികതയുടെ ഊഷ്മളതയുണ്ട്. എത്ര മറച്ചുവെക്കാൻ ശ്രമിച്ചാലും വിണ്ടും വീണ്ടും അത് മനുഷ്യരാശിയുടെ മുന്നിലേക്ക് എടുത്തെറിയപ്പെടുക തന്നെ ചെയ്യും. കാരണം അവയ്ക്ക് ചാട്ടുളിയുടെ ശക്തിയുണ്ട്.

"എനിക്ക് ശ്വാസം മുട്ടുന്നു" (I can't breath) എന്നാണ് ആ മൂന്ന് വാക്കുകൾ. എന്താണ് കാര്യമെന്ന് നിങ്ങൾക്ക് മനസ്സിലായോ?

കോവിഡ് മഹാമാരിക്കെതിരെ ലോകമാകെ പൊരുതിക്കൊണ്ടിരിക്കുന്ന അവസരത്തിലാണ് മനുഷ്യമനഃസാക്ഷിയെ ഞെട്ടിച്ചുകൊണ്ട് ഒരു കാഴ്ച പുറത്തേക്ക് വന്നത്. അമേരിക്കയിലെ മിനിയാപൊളിസ് എന്ന സ്ഥലത്തുനിന്നുള്ള ഒരു വീഡിയോയും ഫോട്ടോകളും ആയിരുന്നു അത്. കറുത്ത നിറക്കാരനായ ജോർജ് ഫ്ലോയ്ഡ് എന്ന 46 വയസ്സുകാരനെ അവിടുത്തെ പോലീസ് അറസ്റ്റ് ചെയ്തത് മെയ് 25 നായിരുന്നു. സിഗരറ്റ് വാങ്ങിയപ്പോൾ നൽകിയത് കള്ളനോട്ടായിരുന്നു എന്ന് കടയുടമ അറിയച്ചതിനെ തുടർന്നായിരുന്നു ഫ്ലോയിഡിന്റെ അറസ്റ്റ്. ഫ്ലോയിഡിനെ കൈകൾ പുറകിൽ കെട്ടി തെരുവിൽ കമിഴ്ത്തിക്കിടത്തി. വെള്ളക്കാരനായ പോലീസുകരൻ തന്റെ കാൽമുട്ടുകൾ ഫ്ലോയിഡിന്റെ കഴുത്തിൽ അമർത്തിപ്പിടിച്ചു. കൂടെയുണ്ടായിരുന്ന മറ്റ് പോലീസുകാർ ഒന്നു പിടയ്ക്കാൻ പോലും കഴിയാത്ത തരത്തിൽ അയാളെ പിടിച്ചുവെച്ചിരുന്നു. ഫ്ലോയിഡിന്റെ വായിൽ നിന്ന് അവസാനം പുറത്തേക്കു വന്നവയായിരുന്നു ആ മൂന്നു വാക്കുകൾ.

എന്തുകൊണ്ടാണ് തെരുവിൽവച്ച് ഇവ്വിധം നിഷ്ഠൂരമായി ഫ്ലോയിഡ് കൊല്ലപ്പെട്ടത്? ഉത്തരം ഒന്നേയുള്ളൂ. അയാളൊരു കറുത്ത വർഗക്കാരനായിരുന്നു എന്നു മാത്രം! അമേരിക്കയിലെ വർണവെറിയുടെ കഥ നൂറ്റാണ്ടുകളോളം പുറകിലേക്കു നീളുന്നതാണ്. ആധുനിക രാഷ്ട്രം, സമ്പന്ന രാഷ്ട്രം, വികസിത രാഷ്ട്രം എന്നെല്ലാമുള്ള വിശേഷണങ്ങൾ ഉണ്ടെങ്കിലും അമേരിക്കയിൽ ഇന്നും വർണവെറി തുടരുന്നു. കറുത്തവരെ സാമൂഹ്യജീവിതത്തിന്റെ എല്ലാ മേഖലകളിൽ നിന്നും അകറ്റിനിർത്തുന്ന സമീപനം തുടരുന്നു. അമേരിക്കയുടെ ഇപ്പോഴത്തെ പ്രസിഡണ്ടായ ഡൊണാൾഡ് ട്രംപ് തന്നെ ഒരു വർണവെറിയനാണ്.

# ലോകത്തെ നടുക്കിയ കാഴ്ച




തുടർന്നുകൊണ്ടേയിരിക്കുന്നു. ആഫ്രിക്കയിൽ ഉത്ഭവിച്ച മനുഷ്യവംശത്തിന്റെ പിൻഗാമികളാണ് നാമെല്ലാവരും എന്ന് അർത്ഥശങ്കക്കിടയില്ലാത്ത വിധം ആധുനിക സയൻസ് തെളിയിച്ചിട്ടും ഇതെല്ലാം തുടർന്നുകൊണ്ടേയിരിക്കുന്നു.

ഇന്ത്യയിൽ ഇതിന് വർണവെറി എന്ന പേരല്ല പറയാറ് എന്നേയുള്ളൂ. ജാതി എന്ന പേരിലാണ് ഇവിടെ അതറിയപ്പെടുന്നത്. തെരുവുകളിൽ നിരന്തരം ദളിതർ ആക്രമിക്കപ്പെടുന്നതും കൊല്ലപ്പെടുന്നതുമെല്ലാം നിങ്ങൾ പത്രങ്ങളിൽ വായിക്കാറില്ലേ. വെളുത്ത തൊലിയുള്ളവരായി മാറാനാണല്ലോ പലരുടേയും ആഗ്രഹം തന്നെ. പൗഡറുകളും വിവിധ തരത്തിലുള്ള ക്രീമുകളും യഥേഷ്ടം ഉപയോഗിച്ച് തൊലി വെളുപ്പിക്കുന്നതിനെക്കുറിച്ചുള്ള പരസ്യങ്ങളല്ലേ നമ്മുടെ മുന്നിലേക്ക് നിരന്തരം വരുന്നത്. കാക്ക കുളിച്ചാൽ കൊക്കാകില്ല എന്ന പഴമൊഴി ആവർത്തിക്കുമ്പോൾ കറുത്തവരോടുള്ള മനോഭാവമാണ് പുറത്തുവരുന്നത് എന്ന് നമ്മൾ തിരിച്ചറിയാറുണ്ടോ?

വർണത്തിന്റെയോ വംശത്തിന്റെയോ പേരിൽ മനുഷ്യരെ വേർതിരിക്കാത്ത ഒരു ലോകം രൂപപ്പെടുന്നതിൽ നമുക്കോരോരുത്തർക്കും എന്ത് ചെയ്യാൻ കഴിയുമെന്ന് ഉറക്കെ ചിന്തിക്കേണ്ട സമയമാണിത്. തീർച്ചയായും യുറീക്ക കൂട്ടുകാർ അത്തരം കാര്യങ്ങളുടെ മുൻനിരയിൽ തന്നെയുണ്ടാവണം.

സംഭവം പുറത്തറിഞ്ഞ ഉടനെ തന്നെ ജനം തെരുവിലിറങ്ങി. മിനിയാപൊളിസ് പോലീസ് സ്റ്റേഷൻ ജനരോഷത്തിൽ കത്തിയമർന്നു. വലിയ തോതിലുള്ള സമരങ്ങൾ മിനിയാപൊളിസിലും അമേരിക്കയുടെ വിവിധ പ്രദേശങ്ങളിലും അരങ്ങേറി. വിവിധ രാജ്യങ്ങളിൽ കടുത്ത പ്രതിഷേധ പരിപാടികൾ നടന്നു.

തൊലിയുടെ നിറത്തിന്റെ പേരിലുള്ള വിദ്വേഷ പ്രകടനങ്ങൾ അങ്ങ് വളരെ ദൂരെ അമേരിക്കയിലല്ലേ എന്ന് കരുതേണ്ട. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇത് ലോകത്തിന്റെ മിക്കവാറും പ്രദേശങ്ങളിലുമുണ്ട്. ഈ ആധുനിക യുഗത്തിലും യാതൊരു മറയുമില്ലാതെ അത്

**യുറീക്കാമാമൻ**


# ഡോക്ടർമാരുടെ ദിനം



**ഡോ മിഥുൻ സിദ്ധാർത്ഥൻ**

ചിത്രീകരണം: കെ.സതീഷ്

**ജൂലൈ 1 ദേശീയ ഡോക്ടേർസ് ദിനമാണ്. ഡോക്ടർമാർ സമൂഹത്തിനു നൽകുന്ന സംഭാവനകളെ അംഗീകരിക്കുകയും പരിഗണിക്കുകയും ചെയ്യുക എന്നതാണ് ഈ ദിനാചരണം കൊണ്ട് ഉദ്ദേശിക്കുന്നത്.**



വിവിധ രാജ്യങ്ങളിൽ വ്യത്യസ്ഥ ദിവസങ്ങളിലായാണ് ഡോക്ടേർസ് ദിനം ആചരിക്കുന്നത്. ഓരോ രാജ്യത്തെയും വൈദ്യശാസ്ത്രപരമായി പ്രാധാന്യമുള്ള ഒരു ദിനമായിരിക്കുമത്. ഉദാഹരണത്തിന് മഹാനായ ഭിഷഗ്വരനായിരുന്ന അവിസെന്നയുടെ ജന്മദിനമായ ആഗസ്റ്റ് 23 ന് ആണ് ഇറാനിൽ ഈ ദിനം ആചരിക്കുന്നത്.

പ്രഗത്ഭനായ ഡോക്ടറും പശ്ചിമ ബംഗാളിന്റെ രണ്ടാമത്തെ മുഖ്യമന്ത്രിയുമായ ഡോ. ബിധാൻ ചന്ദ്ര റോയി (ബി സി റോയി)യുടെ അനുസ്മരണാർത്ഥമാണ് ജൂലൈ 1 ഡോക്ടേർസ് ദിനമായി ഇന്ത്യയിൽ ആചരിക്കുന്നത്. അദ്ദേഹം സ്വാതന്ത്ര്യ സമര സേനാനി ആയിരുന്നു. നിസ്സഹകരണപ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിക്കുകയും അറസ്റ്റിലാവുകയും ചെയ്തിരുന്നു. പല അവസരങ്ങളിലും ഗാന്ധിജിയുടെ ചികിത്സകനുമായിരുന്നു. മുഖ്യമന്ത്രിയും എം.എൽ.എയുമൊക്കെ ആയിരിക്കുമ്പോഴും രോഗികളെ പരിശോധിക്കാനും ചികിത്സിക്കാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. പൊതുജനാരോഗ്യത്തെ ശക്തിപ്പെടുത്തുന്ന നിരവധി സ്ഥാപനങ്ങളും സംവിധാനങ്ങളും അദ്ദേഹം വിഭാവനം ചെയ്യുകയും നടപ്പാക്കുകയും ചെയ്തു.

കോവിഡ് 19 വ്യാപകമായി പടരുന്ന ഒരു ഘട്ടത്തിലാണ് നാം ഈ വർഷം ദേശീയ ഡോക്ടേർസ് ദിനം ആചരിക്കുന്നത്. രോഗപ്രതിരോ





# വൈറസിന്റെ പേരിടൽ

ചികിത്സാ പദ്ധതികളും പ്രതിരോധ രീതികളും മരുന്നുകളും കണ്ടുപിടിക്കുന്നതിനു വേണ്ടി വൈറസുകളെ അവയുടെ ജനിതകഘടനയുടെ അടിസ്ഥാനത്തിലാണ് നാമകരണം ചെയ്യുന്നത്.

ഇന്റർനാഷണൽ കമ്മിറ്റി ഓൺ ടാക്സോണമി ഓഫ് വൈറസസ് (ICTV) യാണ് ഈ ദൗത്യം ഏറ്റെടുത്തിരിക്കുന്നത് . രോഗത്തിനെ മുൻകൂട്ടി തടയാനും, രോഗപ്പകർച്ച, പ്രസരണം, വ്യാപനം, കാഠിന്യം, ചികിത്സ എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ സുഗമമാക്കുന്നതിനും വേണ്ടിയാണ് ഈ നാമകരണ പ്രക്രിയ.

2020 ഫെബ്രുവരി 11നാണ് ICTV കോവിഡിനു കാരണമായ പുതിയ വൈറസിനെ സിവ്യർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം കൊറോണ വൈറസ് 2 (സാർസ്– സി ഒ വി–2) എന്നു വിളിച്ചത്. 2003 ലെ സാർസ് പകർച്ചവ്യാധിയ്ക്കു കാരണമായ വൈറസുമായി ജനിതക ബന്ധമുള്ളതിനാലാണ് ഈ പേര് തെരഞ്ഞെടുക്കപ്പെട്ടത്. തമ്മിൽ ബന്ധമുണ്ടെങ്കിലും ഈ രണ്ടു വൈറസുകളും വ്യത്യസ്തമാണ്.



ധത്തിനും ചികിത്സയ്ക്കും സവിശേഷ പ്രാധാന്യമുള്ള ഒരു സന്ദർഭമാണിത്. പൊതുജനാരോഗ്യം എന്നത് രോഗചികിത്സമാത്രമല്ല എന്ന ശാസ്ത്രീയ കാഴ്ചപ്പാടിന് ഇപ്പോൾ വളരെ സാധുത വന്നിട്ടുണ്ട്. കേരളത്തിലെ കോവിഡ് 19 പ്രതിരോധം പല വികസിത രാജ്യങ്ങളിലേക്കാളും മികച്ചു നിന്നത് രോഗ ചികിത്സയിലുള്ള വൈദഗ്ധ്യം കൊണ്ടു മാത്രമല്ല. രോഗം പടർന്നു പിടിക്കുന്നത് തടയാൻ ശേഷിയുള്ള പൊതുജനാരോഗ്യ സംവിധാനങ്ങളും സാമൂഹ്യ ഇടപെടലുകളും ഉള്ളതു കൊണ്ടാണ്.

പൊതുജനാരോഗ്യ സംരക്ഷണമെന്നത് ആശുപത്രിക്ക് അകത്ത് ഒതുങ്ങി നിൽക്കുന്ന ഒരു പ്രക്രിയയല്ല. രോഗചികിത്സ എന്നത് ഒരു വ്യക്തിയുടെ മാത്രം ഉത്തരവാദിത്തവുമല്ല. പൊതുജനങ്ങളുടെ ആരോഗ്യ വിദ്യാഭ്യാസം വർധിപ്പിക്കാനുള്ള ഉത്തരവാദിത്തം ആരോഗ്യ പ്രവർത്തകർക്കുണ്ട്. അങ്ങനെ ലഭിക്കുന്ന അറിവ് രോഗപ്രതിരോധത്തിനും ആരോഗ്യ സംരക്ഷണ ത്തിനും ഉപയോഗപ്പെടുത്താനുള്ള ഉത്തരവാദിത്തം പൊതുജനങ്ങൾക്കും സാമൂഹ്യ രാഷ്ട്രീയ സംവിധാനങ്ങൾക്കുമുണ്ട്. രോഗബാധിതനായ ഒരാൾക്ക് ചികിത്സയും പിന്തുണയും നൽകുക എന്നത് ഒരു സാമൂഹ്യ ഉത്തരവാദിത്തമാണ് ഡോക്ടർമാരടങ്ങുന്ന ആരോഗ്യ പ്രവർത്തകരും പൊതുജനങ്ങളും പരസ്പരം ഇടപെട്ടും സഹകരിച്ചും മുന്നോട്ട് പോയാൽ മാത്രമേ ഇതെല്ലാം സാധ്യമാകൂ ഇത്തവണത്തെ ഡോക്ടേർസ് ദിനം അത്തരമൊരു ഓർമപ്പെടുത്തലിന്റെ സന്ദർഭമാകട്ടെ .




കുട്ടുകാർക്കുള്ള രചനാ മത്സര പംക്തിയാണ് വരേം കുറീം.

രചനകൾ കിട്ടേണ്ട അവസാന തിയ്യതി ജൂലൈ 15

9497172919 വാട്സ് ആപ് ചെയ്യൂ

# കാവ്യാലാപനം

മൂവരും നടന്നു.

കുഞ്ഞിമ്മുക്കുതിരയും ദീലാമിക്കീരിയും വെള്ളക്കണ്ണൻ പൂച്ചയും.

മൂവരും കവികളായിരുന്നു. നന്നായി കാവ്യാലാപനം നടത്തുന്നവരും. കുഞ്ഞിമ്മു പാടുമ്പോൾ ദീലാമി ശരിയായില്ലാന്ന് പറഞ്ഞ് മാറ്റിപ്പാടും. രണ്ടാളും പാടിയത് ഒട്ടും ശരിയായില്ലാന്ന് പറഞ്ഞ് വെള്ളക്കണ്ണൻ ഒക്കെ മാറ്റിപ്പാടും. അങ്ങനെ വഴക്കാവും. വഴക്കെന്നാൽ ഒന്നൊന്നര വഴക്കാണ്. മണ്ണിൽ മാന്തിയും നിലത്ത് കിടന്ന് ഉരുണ്ടും ഓടി മരം കയറിയും മതിലുചാടിയും അങ്ങനെയങ്ങനെയത് നീണ്ടുനിൽക്കും.



അങ്ങനെ കാട്ടിലുള്ളവരെല്ലാം കളിയാക്കാൻ തുടങ്ങി. കുഞ്ഞിമ്മുവും ദീലാമിയും വെള്ളക്കണ്ണനും പാടുന്നപോലെ എന്ന് പറഞ്ഞ് എല്ലാവരും ചിരിക്കും.

ഇവരെയൊന്ന് നന്നാക്കണം. ആരെക്കൊണ്ട് പറ്റും?

അങ്ങനെയാണ് ദുപ്പപ്പുവിനെക്കൊണ്ട് ചിലതെല്ലാം നടത്താൻ പറ്റുമെന്ന് കൈമിപ്പശുവിന് തോന്നിയത്.

ദുപ്പപ്പു ഒരു കാട്ടാനയാണ്. ഒറ്റയ്ക്ക് പാറപ്പുറത്തും മരത്തടിയിലുമൊക്കെ കവിതകളെഴുതി വയ്ക്കും. നിലാവ് കണ്ടാൽ ദുപ്പപ്പു പിന്നെ ഉറങ്ങുകയേയില്ല. നേരം വെളുക്കുമ്പോഴേക്കും ഒരു പത്തറുപതു വരികൾ എഴുതിയിട്ടുണ്ടാവും.

അയ്യേ... ഞങ്ങളാണെങ്കിൽ ഒരു മഹാകാവ്യം തന്നെ എഴുതുമെന്ന് കുഞ്ഞിമ്മുവും ദീലാമിയും വെള്ളക്കണ്ണനും വീമ്പു പറയും. പക്ഷേ, ഇവരാരും ദുപ്പപ്പുവിനോട് കവിതയും കൊണ്ട് ഏറ്റുമുട്ടാൻ പോയിട്ടില്ല.

ഇതാണവസരം എന്ന് കൈമിപ്പശു മനസ്സിൽ കരുതി. അവൾ ദുപ്പപ്പിനെക്കണ്ട് ശട്ടംകെട്ടി.കുഞ്ഞിമ്മുവും ദീലാമിയും വെള്ളക്കണ്ണനും കവിത ചൊല്ലിപ്പോവുന്ന ഒരു രാത്രിയിൽ ദുപ്പപ്പു വിലങ്ങനെ ചാടി.

"ഹെന്റമ്മോ..."

മൂവരും അലറി ഓടി. ദുപ്പപ്പു പുറകെ ചെന്ന് ഓടിച്ചിട്ട് പിടിച്ചു. എന്നിട്ട് പറഞ്ഞു. മഹാകവികളെ, ഞാൻ നാലുവരി കവിത ചൊല്ലാം. അതിന്റെ ബാക്കി നിങ്ങൾ പൂരിപ്പിച്ചു തരണം. ദുപ്പപ്പു പാടി.

***മെല്ലെ മെല്ലെ***
***കറുത്ത നിഴൽമൂടി***
***മാഞ്ഞു മാഞ്ഞു മറഞ്ഞൊരു***
***ചന്ദ്രികേ***

മൂവരും കവിത കേട്ട് തരിച്ചിരുന്നു പോയി. ഒരു വരി പോയിട്ട് അവർക്ക് അര വരിപോലും ബാക്കി പാടാൻ കിട്ടിയില്ല. പിന്നെ ജീവനുംകൊണ്ടോടി.

ദുപ്പപ്പു പാടിയതിന്റെ ബാക്കി കൂട്ടുകാർക്ക് പൂരിപ്പിക്കാമോ? ആദ്യമോ അവസാനമോ നാലുവരി ചേർത്ത് ഒരു കവിതയാക്കൂ.

മികച്ച രചനകൾ പ്രസിദ്ധീകരിക്കും. രചനകൾക്കൊപ്പം കൃത്യമായ വിലാസവും ജില്ലയും എഴുതണേ...

# വിരുന്നുകൂടാൻ വാ

**എം.പി.ചന്ദ്രൻ**


ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

അങ്ങോട്ടിങ്ങോ–
ട്ടോടി നടന്നൊ–
രങ്ങാടിക്കുരുവീ;

അങ്ങേലിന്നു
വിരുന്നുണ്ടല്ലോ
ചങ്ങാതിക്കുരുവീ
അത്തറുപൂശി
അടിവെച്ചടിവെ–
ച്ചമ്മാവൻ വരണേയ്,
അഞ്ചാറാളുകൾ
അംബാസഡറിൽ
വന്നിറങ്ങുന്നേയ്.
അരിവേവുന്നേയ്
കറിവേവുന്നേയ്
പായസമാവുന്നേയ്
കുഞ്ഞിക്കുരുവീ
ചെല്ലക്കുരുവീ
വിരുന്നു കൂടാൻ വാ.



# വേഗത്തിൽ
# പറ പറക്കുമ്പോൾ...



**കുമാർ പാലോട്**

ചിത്രീകരണം: കെ.സതീഷ്



അമ്മുക്കുട്ടി എങ്ങോട്ട് പോകാൻ നിക്കുവാ? മാഷ് ചോദിച്ചു.

കടയിൽ പോണം മാഷെ. കണക്ക് ബുക്ക് വാങ്ങണം. പിന്നെ, ഒരു ഉടുപ്പും വാങ്ങിത്തരാമെന്നു അച്ഛൻ പറഞ്ഞിട്ടുണ്ട്. പക്ഷേ, ഈ അച്ഛനെ കാണുന്നില്ല. 5 മണി കഴിഞ്ഞപ്പോൾ ഓഫീസിൽ നിന്നിറങ്ങിയെന്നു പറഞ്ഞതാ ഇതുവരെ ഇങ്ങെത്തിയില്ല.

ഓഹോ. അതിനെന്താ ഇവിടെ അടുത്തല്ലേ അച്ഛന്റെ ഓഫീസ്. ഉടനെ എത്തുമായിരിക്കും.

ഹ ഹ.. അത് മാഷിന് അച്ഛന്റെ സ്പീഡ് അറിയാഞ്ഞിട്ടു പറയുവാ. അച്ഛൻ ബൈക്ക് ഓടിക്കുന്നത് കണ്ടാൽ കാളവണ്ടി നാണിച്ചു പോകും. 50 കിലോമീറ്ററിനേക്കാൾ കൂടുതൽ സ്പീഡിൽ അച്ഛൻ വണ്ടി ഓടിക്കുന്നത് ഞാൻ ഇതുവരെ കണ്ടിട്ടില്ല.

അപ്പുവിന്റെ ചേട്ടന്റെയൊക്കെ സ്പീഡ് കാണണം. ടക് ടക് എന്ന ശബ്ദം കേട്ടു നോക്കുമ്പോഴേക്കും ആള് പോയിക്കഴിയും. ഹാ അവന് ചേട്ടന്റെ പുറകിലിരുന്നു പറക്കാം.

ഹും, എന്നിട്ട് അപ്പുവിന്റെ ചേട്ടൻ ഇപ്പോൾ ആക്സിഡന്റ് പറ്റി കയ്യൊടിഞ്ഞു കിടക്കുകയാണെന്നാണല്ലോ ഞാൻ

കേട്ടത്.

ഓഹ് അതൊരു ഓട്ടോക്കാരൻ കാണിച്ച പണിയാണെന്നു അപ്പ പറഞ്ഞിരുന്നു. അയാൾ വെട്ടിത്തിരിഞ്ഞപ്പോൾ അപ്പുവിന്റെ ചേട്ടന് പെട്ടെന്ന് ബൈക്ക് നിർത്താനായില്ല. അങ്ങിനെ പറ്റിയതാണ്.

അത് ശരിയായിരിക്കും. പക്ഷേ, ബൈക്കിന്റെ സ്പീഡ് കുറവായിരുന്നെങ്കിൽ ഇത്ര വല്യ അപകടം സംഭവിക്കില്ലായിരുന്നു. വാഹനം നിയന്ത്രിക്കുന്നത് അതിൽ ഇരിക്കുന്ന മനുഷ്യനാണ്. മനുഷ്യന്റെ തലച്ചോറിന് തീരുമാനം എടുക്കാൻ വേണ്ട സമയവും വാഹനത്തിന്റെ സ്പീഡും അപകടവും തമ്മിൽ ഒരു ബന്ധമുണ്ട് അമ്മുക്കുട്ടി.

ങേ, അതെന്ത് ബന്ധമാ മാഷെ?

ഒരാപത്ത് മുന്നിൽ കാണുമ്പോൾ ആണല്ലോ നമ്മൾ വണ്ടി ബ്രേക്കിടാനോ വെട്ടിത്തിരിക്കാനോ ഒക്കെ തീരുമാനിക്കുന്നത്?

അതെ.

ഉദാഹരണത്തിന് ഒരു കുട്ടി വണ്ടിയുടെ മുൻപിൽ ചാടി എന്നു കരുതുക. കണ്ണുകളിൽ ആണ് ഈ വിവരം ആദ്യം എത്തുക. അവിടെ നിന്ന് സംവേദനനാഡി വഴി തലച്ചോറിലേക്ക് എത്തുന്നു. തലച്ചോർ ഈ വിവരത്തെ വിശകലനം ചെയ്ത് ഒരു തീരുമാനം എടുക്കുന്നു. എന്നിട്ടത് കൈകാലുകളിലെ പേശികളിലേക്ക് അയച്ച് ബ്രേക്കിടുകയോ, വെട്ടിത്തിരിക്കുകയോ ചെയ്യുന്നു. സാധാരണയായി ഇക്കാര്യങ്ങൾ ഒന്നു മുതൽ രണ്ടു സെക്കന്റുകൾക്കുള്ളിൽ നടക്കും. എന്നാൽ, ഉറക്കച്ചടവ്, മദ്യ ലഹരി എന്നിവ ഈ സമയത്തെ സ്വാധീനിക്കും.




ഓഹോ, അപ്പോൾ അത്രേം സമയം കഴിഞ്ഞേ വണ്ടി നിർത്താനാകൂ അല്ലേ?

അതെ. ഈ സമയത്തിനുള്ളിൽ വണ്ടി എത്ര ദൂരം സഞ്ചരിച്ചു എന്നതിനെ ആശ്രയിച്ചിരിക്കും അപകടം ഉണ്ടാകുന്നതും ഒഴിവാകുന്നതും.

അതായത് നമ്മൾ 50kmh സ്പീഡിലാണ് വണ്ടി ഓടിക്കുന്നതെങ്കിൽ. 13.88 മീറ്റർ ആണ് വണ്ടി 1 സെക്കന്റ് കൊണ്ട് സഞ്ചരിക്കുക. ഇതിനെ റിയാക്ഷൻ ഡിസ്റ്റൻസ് എന്നു വിളിക്കും.

അപ്പോൾ ഒരു അപകടം മുന്നിൽ കണ്ടാൽ ഏകദേശം 14 മീറ്റർ കൂടി ഓടിയിട്ടേ, വണ്ടി നിർത്താൻ പറ്റൂ എന്നു സാരം അല്ലേ മാഷേ?

അല്ല, അമ്മുക്കുട്ടീ, ഇതിനോടൊപ്പം ഒരു ബ്രേക്കിങ് ഡിസ്റ്റൻസ് കൂടി കൂട്ടണം. ഇത് വണ്ടിയുടെ ഗതികോർജവും ഘർഷണവുമായി ഒക്കെ ബന്ധപ്പെട്ടുള്ള ഒരു കാര്യമാണ്. സ്റ്റാൻഡേർഡുകൾ പ്രകാരം 50kmh വേഗത്തിൽ ഓടുന്ന വണ്ടിയുടെ ബ്രേക്കിങ് ഡിസ്റ്റൻസ് ഏകദേശം 13 മീറ്റർ ആണ്. നല്ല ഗ്രിപ്പ് ഉള്ള ടയറുകളും വാഹനത്തിലെ ABS സിസ്റ്റവും ഈ ഡിസ്റ്റൻസ് അൽപം കുറയ്ക്കും. എന്നാൽ, കാലാവസ്ഥയും റോഡിന്റെ കണ്ടീഷനുമൊക്കെ ഇത് കൂട്ടുകയും ചെയ്തേക്കാം.

അയ്യോ.. അപ്പോൾ ഈ 27 മീറ്ററിനുള്ളിൽ ആണ് കുട്ടി എങ്കിൽ ഇടി നടക്കും അല്ലേ ?

അതെ. മാത്രവുമല്ല ഇപ്പോൾ പറഞ്ഞത് 50kmh സ്പീഡിന്റെ കാര്യമാണ് അപ്പുവിന്റെ ചേട്ടനൊക്കെ 60 – 70 kmh സ്പീഡിലൊക്കെയാണ് പോകുന്നത്. അവിടെ അപകട സാധ്യത വളരെ കൂടുതലാണ്.

ഹൊ എന്റെ മാഷേ.. അച്ഛന്റെ സ്പീഡിനെ ഇനി ഞാൻ ഒരിക്കലും കളിയാക്കില്ല കേട്ടോ. പതുക്കെ എത്തിയാലും സാരമില്ല, അപകടം ഒന്നും ഉണ്ടാകാതിരുന്നാൽ മതിയേ..

# മ്യാവു പള്ളിക്കൂടങ്ങൾ



**പി കെ സുധി**

ചിത്രീകരണം: രാജീവ് എൻ ടി



നാശം പിടിച്ച പൂച്ച.

സ്വന്തം പൂച്ചയെപ്പറ്റി പരാതി പറയാത്തവരാരുണ്ട്?

കുളിപ്പിച്ച് കുറിയിടീച്ചിട്ടും കാര്യമില്ല. തീറ്റ കഴിഞ്ഞാൽ ഒരു താങ്ക്സ് പോലും പറയാതെ മണ്ടുന്ന നന്ദിയില്ലാത്ത വർഗം.

ഓമനപ്പേരു വിളിച്ചാലും ങേ ഹേ. മിണ്ടാനൊക്കെ എന്തൊരു മടിയാണ്. ചുരുക്കത്തിൽ മനുഷ്യരുടെ രാജാവാണ് താനെന്ന ഭാവം മുറ്റിയ പെരുമാറ്റമാണ് പൂച്ചകൾക്കുള്ളത്.

ഇവറ്റകളെന്നാണു നന്നാവുക?

പൂശകന്റെ തലച്ചോറിലെ ഓർമകൾ സംഭരിക്കുന്ന ഭാഗത്തിന് വേണ്ടത്ര വികാസമുണ്ടായിട്ടുണ്ടാവില്ല. അതോണ്ടല്ലേ! പാവം!

അങ്ങനെയൊക്കെ കരുതാൻ വരട്ടെ! പുതിയൊരു പൂച്ചക്കാര്യമുണ്ട്. അതച്ചടിച്ചു വന്നത് സയന്റിഫിക് അമേരിക്കൻ എന്ന മാസികയിലാണ്.




ജപ്പാനിലെ സോഫിയ യൂണിവേഴ്സിറ്റിയിലാണ് പൂച്ചകളെ കുറിച്ചുള്ള ഈ പഠനം നടന്നത്. എഴുപത്തിയെട്ടു മാർജാരന്മാരെയാണ് ഇവിടെ പഠനവിധേയമാക്കിയത്. വെളിപ്പെട്ടത് എന്താണെന്നോ? പൂച്ചകൾക്ക് തങ്ങളുടെ യജമാനനെ നന്നായി തിരിച്ചറിയാം. നമ്മൾ ഓമനത്തത്തോടെ വിളിക്കുന്ന സ്വന്തം പേര് മനസ്സിലാക്കാനും ചില മനുഷ്യ ശബ്ദങ്ങൾ തിരിച്ചറിയാനും അവർക്ക് കഴിയുന്നുണ്ട്. നമ്മൾ വിളിച്ചാൽ ചിലനേരത്തു മാത്രമേ അവർ മറുപടി മ്യാവു പറയുള്ളു. എന്തായാലും പ്രതികരണശേഷിയുണ്ട്. തല, ചെവി, വാല് എന്നിവ ചലിപ്പിക്കുന്നതിലൂടെയും നമുക്കവ ഉത്തരങ്ങൾ നൽകുന്നുണ്ട്.

ഇനി പൂച്ചക്കുറിഞ്ഞിയെ ഒന്നുറക്കെ പേരുവിളിക്കൂ. എന്നിട്ട് ശ്രദ്ധിക്കൂ. അവന്റെ മറുപടികൾ

# രോഗത്തിന്റെ പേരിടൽ




മനുഷ്യരോഗങ്ങൾക്കെതിരെയുള്ള തയ്യാറെടുപ്പും പ്രതിക്രിയകളും ലോകാരോഗ്യ സംഘടന (WHO)യുടെ ചുമതലയാണ്. ഇന്റർനാഷണൽ ക്ലാസിഫിക്കേഷൻ ഓഫ് ഡിസീസിനു (ICD) കീഴിൽ രോഗങ്ങളെ ഔദ്യോഗികമായി നാമകരണം ചെയ്യുന്നതും WHO തന്നെ.

സാർസ്– സി ഒ വി–2 വൈറസുമൂലം ഉണ്ടായ പുതിയ രോഗത്തിന് WHO 2020 ഫെബ്രുവരി 11ന് കോവിഡ്– 19 എന്ന് പേരിട്ടു.

മൃഗാരോഗ്യത്തിനു വേണ്ടിയുള്ള ആഗോള സംഘടനയും (OIE) ഐക്യരാഷ്ട്രസഭയ്ക്കു കീഴിലുള്ള ഭക്ഷ്യ– കാർഷിക സംഘടനയും (FA0) ചേർന്ന് മുമ്പ് വികസിപ്പിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ഇത് ചെയ്തിരിക്കുന്നത്.



ഏതു രീതിയിലെന്ന് തിരിച്ചറിഞ്ഞോളൂ. പിന്നൊരു കാര്യവുമുണ്ട് നിങ്ങളുടെ വിളി ഞാൻ കേട്ടു. എന്റെ മറുപടിയിതാ. അങ്ങനെ ഇക്കാര്യങ്ങൾ തന്റെ ഉടമസ്ഥരായ മനുഷ്യരെ ധരിപ്പിച്ചു കളയാം എന്ന വിചാരമൊന്നും മാർജാരർക്കില്ല കേട്ടോ.

അതിനാൽ അതിനോടു പിണങ്ങുന്ന നമ്മൾ തന്നെ പലപ്പോഴും വിഡ്ഢികളാവും.

എന്നാലിനി ഇവനെ നന്നാക്കിയിട്ടേ കാര്യമുള്ളൂ. നമുക്ക് മ്യാവു പള്ളിക്കൂടങ്ങൾ തുടങ്ങാം. നാല് വാക്ക് പഠിപ്പിച്ചിട്ടു തന്നെ കാര്യം. അങ്ങനെ പദ്ധതികൾ തയ്യാറാക്കാൻ വരട്ടെ! അവർക്ക് രണ്ടോ മൂന്നോ മനുഷ്യവാക്കുകൾ മാത്രമേ തിരിച്ചറിയാൻ കഴിവുള്ളൂ, അതിനപ്പുറത്ത് പഠിത്തമില്ല, എന്നൊക്കെയാണിപ്പോഴത്തെ കണ്ടെത്തലുകൾ.

അതു വിട്ടുകളഞ്ഞാലും കുഴപ്പമില്ല. നമുക്കാലോചിക്കാൻ പൂച്ചക്കാര്യങ്ങൾ നിരവധി ഇനിയുമുണ്ട്.

അതിലൊന്നിതാണ്.

കൂട്ടുകാരോട് പൂച്ചയുടെ മീൻകൊതിയെ കുറിച്ച് പറയേണ്ട കാര്യമില്ല. എന്നാലോ ഇവറ്റകൾക്ക് മീൻ പിടിക്കാൻ എന്തെങ്കിലും കഴിവുണ്ടോ?

ആലോചിക്കൂ.

വെള്ളം കണ്ടാലേ പേടിയാണ്. മീൻ തപ്പാൻ മുങ്ങലറിയില്ല. വെള്ളത്തിൽ വീണാൽ പൂച്ചയുടെ പത്രാസത്രയും പോവും. നനഞ്ഞാൽ പൂച്ച തീർന്നു. ഉടമസ്ഥനും ചവിട്ടിയോടിക്കും.

അപ്പോൾ പറഞ്ഞതിതാണ് പൂച്ചയ്ക്ക് മീൻ പിടിക്കാനറിയില്ല. അതിനാൽ മീൻ തിന്നാൻ യാതൊരു അർഹതയുമില്ല. പിന്നെവിടുന്നു വന്നു അവന്റെയീ മീൻ കൊതി?

ഈ പൂച്ച് പുറത്താക്കാൻ നമുക്ക് മ്യാവു ഗവേഷണം കൂട്ടായി നടത്തിയാലോ?

# മരിയ റോസ് എന്ന പൂച്ചക്കുട്ടി



**എ.കെ.ജോഷി**

ചിത്രീകരണം: കെ.സതീഷ്

പപ്പാ വീട്ടിലുണ്ടാവുന്ന വൈകുന്നേരങ്ങൾ വിരളമാണ്. ഉള്ളത് തെളിഞ്ഞ സായാഹ്നത്തിലാണെങ്കിൽ പുള്ളി ടെറസിൽ കയറി മാനം നോക്കി മലർന്നുകിടക്കും. പറവകളുടെയും നിറങ്ങൾ മാറിമാറിപ്പൂശുന്ന മേഘങ്ങളുടെയും കളി കാണണമെങ്കിൽ സന്ധ്യാനേരത്ത് ആകാശം നോക്കി കിടക്കണമെന്ന് ഒരുപദേശവും. പറവകൾ മാത്രമല്ല, സൂക്ഷിച്ചുനോക്കിയാൽ ചില ദിവസങ്ങളിൽ ഒരു കുഞ്ഞുണ്ണി രാജൻ പറന്നുപോകുന്നതും കാണാമെന്ന് ഒരു വെടിയും! ടെറസിൽ ഇരുട്ടു വീഴുമ്പോൾ കൊതുകുകളുടെ മൂളിപ്പാട്ടിനൊത്തു കൈകൊട്ടിക്കളിച്ച് പപ്പാ പതുക്കെ താഴേയ്ക്കിറങ്ങും. കൊതുകുകളോടൊത്ത് കുറച്ചു നേരം രസമായി ചെലവഴിച്ചുകൂടേ എന്നു നമ്മൾ ചോദിക്കും!



“നമ്മുടെ മരിയ റോസ് എന്തു പറയുന്നു പപ്പാ?” കുറിഞ്ഞിമോൾ പപ്പയോടു ചോദിച്ചു. പപ്പയുടെ ഓഫീസിലെ ചക്കിച്ചേച്ചിയുടെ കൊച്ചു കൂട്ടുകാരിയാണ് അയൽവാസിയായ രണ്ടാം ക്ലാസുകാരി മരിയ.

“നമ്മുടെ പൂച്ചക്കുട്ടി ഈയടുത്ത ദിവസം അഞ്ചു പൂച്ചക്കുഞ്ഞുങ്ങൾക്കും നാലഞ്ചു പൂച്ചകൾക്കും പുതപ്പു റെഡിയാക്കിക്കൊടുത്തു!” പപ്പാ പറഞ്ഞു. മരിയാസിനെ വാത്സല്യത്തോടെ പപ്പാ വിളിക്കുന്നത് ‘പൂച്ചക്കുട്ടി’യെന്നാണ്.

“ആഹാ! അപ്പോൾ ബാക്കിയുള്ള പൂച്ചകൾക്കോ?” കുറിഞ്ഞിമോൾക്ക് ആകാംക്ഷയായി. ചക്കിച്ചേച്ചിക്ക് പത്തിരുപതു പൂച്ചകൾ ഉള്ളതാണ്.

“അപ്പോഴാണല്ലോ നമ്മുടെ സുഭാഷിണി മാഡം ഓഫീസ് വിട്ടെത്തി പുതപ്പു പുതച്ച ഒരു പൂച്ചക്കുട്ടിയെക്കണ്ട് ശബ്ദകോലാഹലത്തോടെ ബെഡ്റൂമിലേക്കു കയറിയത്!”

“പൂച്ചകൾക്കു പ്രിയപ്പെട്ട നമ്മുടെ ചക്കിച്ചേച്ചിയോ?”

“ആ, ചക്കിച്ചേച്ചി തന്നെ! ചക്കിച്ചേച്ചിയുടെ സ്വന്തം പുത

പ്, ചക്കിച്ചേച്ചിയുടെ സ്വന്തം കത്രികകൊണ്ട് പീസ് പീസാക്കി മുറിച്ചാണ് ചക്കിച്ചേച്ചിയുടെ സ്വന്തം പൂച്ചകൾക്ക് പൂച്ചക്കുട്ടി പുതപ്പുണ്ടാക്കിയത്! പുതപ്പുണ്ടാക്കാനുള്ള ശ്രമത്തിനിടയിൽ ചക്കിച്ചേച്ചിയുടെ സ്വന്തം ബെഡ്ഷീറ്റും മുറിഞ്ഞുപോയിരുന്നു.!"

"ഹയ്യോ!! എന്നിട്ടോ?"

"സുഭാഷിണി മാഡത്തിന്റെ ചേച്ചി സുഹാസിനി മാഡവും അപ്പോൾ അവിടേക്കു ചെന്നു."

"ആര്, നമ്മുടെ മണിക്കുട്ടിച്ചേച്ചിയോ?"

"മണിക്കുട്ടിച്ചേച്ചി തന്നെ!"

"പിന്നെ?"

"കാര്യം ചോദിച്ചപ്പോൾ പൂച്ചക്കുട്ടി പറഞ്ഞു: തണുത്തു വിറച്ചല്ലേ ഇന്നലെ ഒരു പൂച്ചക്കുട്ടി ചത്തുപോയത്? ചക്കിച്ചേച്ചിക്ക് സങ്കടമായില്ലേ? എനിക്കും സങ്കടമായി. അതുകൊണ്ടല്ലേ പൂച്ചകൾക്കു പുതയ്ക്കാൻ പുതപ്പുണ്ടാക്കിയത്!" മനസ്സലിഞ്ഞുപോയ സുഭാഷിണി മാഡം ചേച്ചിയോടു പറഞ്ഞു : "പാവം, നിഷ്ക്കളങ്കയായ കുഞ്ഞ്!"

അത്ര നിഷ്കളങ്കയായി തോന്നുന്നില്ലെന്ന് സുഹാസിനി മാഡം.

"അതെന്താ?"

"സുഹാസിനി മാഡം ശമ്പളം കിട്ടുന്ന പണം മുഴുവൻ മുടക്കി വാങ്ങുന്ന പുസ്തകങ്ങൾ വായിച്ചുകൂട്ടി, എഴുതിക്കൂട്ടുന്ന കഥയും കവിതയുമെല്ലാം നമ്മുടെ മരിയ റോസ് എന്ന പൂച്ചക്കുട്ടി പൂച്ചക്കാട്ടം കോരാനെടുക്കും! ആ കടലാസുകൾകൊണ്ട് അത്രയെങ്കിലും ഉപകാരമായല്ലോ എന്നു സുഭാഷിണി മാഡം പറയും!"




"എന്നിട്ട് കേസെങ്ങനെ തീർന്നു?"

"പൂച്ചക്കുട്ടിയുടെ തള്ളപ്പൂച്ച 'മരിയമോളേ, പ്രാർഥനയെത്തിക്കാൻ സമയമായീന്നു' പറഞ്ഞുകൊണ്ട് വടക്കേ മതിലിനു മുകളിൽ തല കാണിച്ചു. ചക്കിച്ചേച്ചീ, ഞാൻ പൂച്ചകൾക്കു വേണ്ടിയും പ്രാർത്ഥിക്കാം കേട്ടോ എന്നു വിളിച്ചുപറഞ്ഞുകൊണ്ട് പൂച്ചക്കുട്ടി പാഞ്ഞുപോയി."

"എന്തൊരു പാവം മരിയ!" കുറിഞ്ഞിമോൾ മാർക്കിട്ടു.

തെല്ലുകഴിഞ്ഞ് പഴയൊരാവശ്യം കുറിഞ്ഞിമോൾ വീണ്ടുമുന്നയിച്ചു:

"പപ്പാ, എനിക്കും വേണം ഒരു പെറ്റിനെ. പൂച്ചക്കുഞ്ഞോ പട്ടിക്കുഞ്ഞോ ആട്ടിൻകുട്ടിയോ..."

"കുട്ടിക്കു പെറ്റായി പപ്പയുണ്ടല്ലോ, പപ്പ എന്നു പേരിട്ട് ലാളിച്ചു വളർത്തിക്കോളൂ."

"ഒരു പൊട്ടനെയല്ല, പെറ്റാണു വേണ്ടതു പപ്പാ!"

കുറിഞ്ഞിമോൾ പരിഭവിച്ചു ചിണുങ്ങി.

# ഡോൺ ക്വിക്സോട്ട്



**എം.ഗീതാഞ്ജലി**

ചിത്രീകരണം: കെ.സതീഷ്

കുട്ടുകാർ ഡോൺ ക്വിക്സോട്ടിന്റെ കഥ വായിച്ചിട്ടുണ്ടോ? ഡോൺ ക്വിക്സോട്ടിന്റെ ശരിയായ പേര് അലോൻ ഡോ ക്വിക്സാനോ എന്നായിരുന്നു. സ്പെയിനിലെ ലാ മൻചാ (La Mancha) എന്ന സ്ഥലത്ത് താമസിച്ചിരുന്ന ഒരു പാവം നല്ല മനുഷ്യനായിരുന്നു മധ്യവയസ്കനായ അലോൻസോ. വലിയ വായനക്കാരനായിരുന്ന അയാൾ അക്കാലത്തെ സാഹസികരും വീരപരാക്രമികളുമായ പ്രഭുക്കന്മാരുടെ കഥകൾ ഒരുപാട് വായിച്ചു വായിച്ച് ഒരുതരം മതിഭ്രമത്തിൽ പെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ. വായിച്ചു വായിച്ച് ആ കഥകൾക്കുള്ളിലേക്ക് തലകുത്തി വീണപോലെയായി അലോൻസോയുടെ സ്ഥിതി. കുറേ കഴിഞ്ഞപ്പോൾ താനും അതിസാഹസികനായ വീരശൂരപരാക്രമിയായ ഒരു പ്രഭുവാണെന്ന് അയാൾക്ക് തോന്നിത്തുടങ്ങി. അലോൻസോ ക്വിക്സാനോ എന്ന സ്വന്തം പേരു പോലും മാറ്റി അയാൾ ഡോൺ ക്വിക്സോട്ടായി മാറി. കുന്തവും വാളുമൊക്കെയേന്തി കുതിരപ്പുറത്തേറി ഒരു അതിസാഹസിക യാത്ര നടത്താനും, യാത്രാമധ്യേ കാണുന്ന ദരിദ്രരും നിസ്സഹായരും ആലംബമില്ലാത്തവരുമായ ആളുകളെ- പ്രത്യേകിച്ച് സ്ത്രീകളെ രക്ഷിക്കുവാനും തീരുമാനമെടുത്ത് അയാൾ ഒരുങ്ങിപ്പുറപ്പെട്ടു.

അങ്ങനെ പഴയൊരു കുന്തവുമായി റോസിനാന്റെ എന്ന വയസ്സായ തന്റെ കുതിരപ്പുറത്തേറി ക്വിക്സോട്ട് സാഹസികയാത്ര ആരംഭിച്ചു. അയാളുടെ കണ്ണിൽ റോസിനാന്റെ ശക്തിയും ഊർജസ്വലതയും നിറഞ്ഞ ഒരു ഉഗ്രൻ കുതിരയായിരുന്നു. തന്റെ സാഹസികയാത്രയിൽ സഹായിയായി അയൽക്കാരനായ സാൻചോ പാൻസയേയും കൂടെ കൂട്ടി. ഗ്രാമീണനായ ഒരു തൊഴിലാളിയായിരുന്നു സാൻചോ. കുറച്ച് അത്യാർത്തിക്കാരനാണെങ്കിലും ദയയുള്ള വൻ, ഭീരുവാണെങ്കിലും അലോൻസയോട് വിശ്വസ്തത പുലർത്തിയിരുന്നവൻ. ഡേപ്പിൾ എന്ന കഴുതപ്പുറത്താണ് സാൻചോ സഞ്ചരിച്ചത്.




ഇവരുടെ യാത്രയ്ക്കിടയിൽ ഒരുപാട് രസകരമായ സംഭവങ്ങൾ ഉണ്ടാവുന്നു. സ്വന്തം മതിഭ്രമത്തിൽ അതിസാഹസികം എന്ന് ക്വിക്സോട്ട് കരുതിയിരുന്ന കാര്യങ്ങളെല്ലാം യഥാർഥത്തിൽ വമ്പൻ വങ്കത്തരങ്ങളായിരുന്നു. ഒരു ഉദാഹരണമിതാ. വഴിമധ്യേ ഉണ്ടായിരുന്ന ഒരു വലിയ കാറ്റാടിയന്ത്രം, ക്വിക്സോട്ടിന്റെ ഭാവനയിൽ അതൊരു ഭയങ്കരൻ രാക്ഷസനായിരുന്നു. പിന്നെ, പാവപ്പെട്ടവരെ രക്ഷിക്കുന്നതിനായി ആ ദുഷ്ടരാക്ഷസനോടേറ്റുമുട്ടാതെ പറ്റില്ലല്ലോ. അങ്ങനെ നീണ്ടു നീണ്ടു പോകുന്നു ക്വിക്സോട്ടിന്റെ യാത്രയിലെ പരാക്രമങ്ങൾ.

കഥ മുഴുവൻ ഇവിടെ പറയുന്നില്ല. കൂട്ടുകാർ ഈ പുസ്തകം വായിച്ചാസ്വദിക്കൂ. ഇത് രചിച്ചത്

വലിയ സ്പാനിഷ് എഴുത്തുകാരനായ മിഗ്വെൽ ദ് സെർവാന്തസ് (Miguel de Cervantes) ആണ്. ധാരാളം പുസ്തകങ്ങൾ സ്പാനിഷ് ഭാഷയിൽ അദ്ദേഹം രചിച്ചിട്ടുണ്ടെങ്കിലും ഡോൺ ക്വിക്സോട്ട് (Don Quixote) ആണ് ഏറെ ലോകപ്രശസ്തി ആർജിച്ചത്. രണ്ട് ഭാഗങ്ങളിലായിട്ടാണ് (1605 ലും 1615 ലും) ഈ പുസ്തകമിറങ്ങിയത്.

മധ്യകാല യൂറോപ്പിലെ, പ്രത്യേകിച്ചും സ്പെയിനിലെ, അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിലുണ്ടായിരുന്ന കുറേ കാര്യങ്ങളെ കളിയാക്കിക്കൊണ്ടാണ് സെർവാന്തസ് ഡോൺ ക്വിക്സോട്ട് രചിച്ചത്.  അക്കാലത്തെ പ്രഭുക്കന്മാരുടെ ആവശ്യമില്ലാത്ത അതിസാഹസികതയെയും വീരപരാക്രമങ്ങളെയും ഈ പുസ്തകത്തിലൂടെ സെർവാന്തസ് വർണിക്കുന്നത് വളരെ രസകരമായ സംഭവങ്ങളിലൂടെയും നർമപ്രധാനമായ ഭാഷയിലൂടെയുമാണ്.

ഈ ഭാഷയിലൂടെ ഇംഗ്ലീഷ് ഭാഷയിലേക്ക് ധാരാളം പദങ്ങൾ വന്നുചേർന്നു എന്നതാണ് രസകരമായ മറ്റൊരു കാര്യം. ഉദാഹരണമായി ഇംഗ്ലീഷിൽ ഒരു വ്യക്തിയെക്കുറിച്ച്, 'അയാളൊരു ക്വിക്സോട്ട് ആണ്' എന്നു പറഞ്ഞാൽ, അയാൾ ഉത്സാഹിയായ ഒരു സ്വപ്നജീവിയാണ്, മഹത്വപൂർണമായ അപ്രായോഗിക ലക്ഷ്യങ്ങൾ പിൻതുടരുന്ന വനാണ് എന്നാണർഥം.

സെർവാന്തസ്സിന്റെ ഡോൺ ക്വിക്സോട്ട് എന്ന കഥ മുഴുവനായി വായിക്കണം.  രസകരമായ ഈ കഥ കാർട്ടൂണും സിനിമയും ഒക്കെ ആയിട്ടുണ്ട്. യൂട്യൂബിലൂടെ അവ കാണുകയും ചെയ്യാം.



# കൊറോണ



സിന്ധു എൻ പി

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

"അമ്മേ.. ബൂസ്റ്റ്... " ഇക്രു ചിത്രത്തിന് നിറം കൊടുക്കുന്നതിനിടയിൽ വിളിച്ചു ചോദിച്ചു.

"ദോ, അടുക്കളേല് എടുത്തു വെച്ചിട്ട്ണ്ട്." വീടിന് പുറത്തെവിടെയോ നിന്ന് അമ്മ പറഞ്ഞു. ഇക്രു ഒറ്റച്ചാട്ടത്തിന് അടുക്കളയിലെത്തി.

"എന്തു ടേസ്റ്റ്, എന്തു ടേസ്റ്റ് " എന്നൊരു മൂളിപ്പാട്ടും പാടിയിരിക്കുമ്പോഴാണവനത് കണ്ടത്– മുഖത്തെല്ലാം ബൂസ്റ്റ് പുരണ്ട ഒരുറുമ്പ്! അവൻ സൂക്ഷിച്ച് നോക്കി. ബൂസ്റ്റിന്റെ പൊടിയല്ല സങ്കടമാണ്.



സങ്കടം കൊണ്ടത് വാടിത്തളർന്നിരിക്കുന്നു. അത് അവിടവിടെ അരിച്ചരിച്ച് നടന്നു. ഇക്രു ചോദിച്ചു; "ഹേയ് നീയെന്താ തിരയുന്നത്?" അവിടെയെവിടെയോ നിന്ന് കഷ്ടപ്പെട്ട് ഒരു പഞ്ചാരത്തരി വായിലാക്കുന്നതിനിടയിൽ ഉറുമ്പ് ആ ചോദ്യം കേട്ടതേയില്ല. അത് പഞ്ചാരത്തരി തള്ളിത്തള്ളി മുന്നോട്ട് നടന്നു. വിരലു കൊണ്ട് അതിന്റെ സഞ്ചാരം തടസപ്പെടുത്തി ഇക്രു ചോദിച്ചു.

"ഇതും കൊണ്ടെങ്ങോട്ടാ?"

ഉറുമ്പ് സങ്കടത്തോടെ നോക്കി. എന്നിട്ട് പതുക്കെപ്പറഞ്ഞു.

"ന്റമ്മയ്ക്ക് കൊടുക്കാൻ."

"എന്നിട്ടമ്മയെവിടെ?"

"അമ്മയ്ക്ക് തീരെ വയ്യാ – "ഉറുമ്പിന്റെ കണ്ണു

നിറഞ്ഞു. "പനിയും ചുമയും ശ്വാസം മുട്ടലും – കൊറോണയാന്നാ തോന്നുന്നത്."

ഇക്രു സ്തംഭിച്ചു പോയി. കൊറോണ. കോവിഡ് 19!

"അമ്മ ഇപ്പോ എവിടെയുണ്ട്?"

"കൂട്ടിൽ നിന്നും അകലെ ഒറ്റയ്ക്കൊരിടത്ത് പാർപ്പിച്ചിരിക്കുകയാ– അമ്മയ്ക്ക് കൊണ്ടക്കൊടുക്കാനാ ഈ പഞ്ചാരത്തരി." ഇക്രൂന് ദുഃഖമായി. അവൻ ചോദിച്ചു. "നിങ്ങൾക്കും ലോക്ക് ഡൗണാണോ." ഉറുമ്പ് ഒന്നും മിണ്ടിയില്ല.

ഇക്രു പഞ്ചാരപ്പാത്രം എടുത്തു.

മേശമേലെ വിതറി. "കൂട്ടുകാരെയൊക്കെ വിളിച്ചോ. അകലം പാലിച്ചോണ്ട് എടുത്തോണ്ടു പോണേ."

ഉറുമ്പിന്റെ മുഖം സന്തോഷം കൊണ്ട് ചുവന്നു. എത്ര നല്ല ഇക്രു!

ഉറുമ്പും കൂട്ടുകാരും വളരെ വേഗം പഞ്ചാരക്കൂട്ടത്തെപ്പൊതിഞ്ഞു. ചില സ്ഥലത്ത് ഇക്രു പഞ്ചാരക്കുന്നുകൾ ഉണ്ടാക്കി. "വരട്ടെ വരട്ടെ. പട്ടിണി കിടക്കുന്ന എല്ലാ ഉറുമ്പുകളും പോരട്ടെ."

"ഇക്രൂ, നീ കുടിച്ചു കഴിഞ്ഞോ മോനേ", എന്ന് ചോദിച്ചു കൊണ്ട് അമ്മ അടുക്കളയിലേക്ക് വന്നു. ഇക്രു മാത്രമല്ല ഉറുമ്പുകളും പരിഭ്രമത്തിലായി. അവ കിട്ടിയതുമെടുത്ത് നാലുപാടും ചിതറിയോടി.

ഇക്രു വ്യസനത്തോടെ നിന്നു.

"ആരെടാ ഇത് മുഴുവൻ ഇവിടെ കമഴ്ത്തിയത്?" അമ്മ ഉഗ്രമായി ഇക്രുവിനെ നോക്കി.

"അതേ ഉറുമ്പിന്റമ്മയ്ക്ക് കൊറോണയാ."

അമ്മ വടിയെടുത്തു.

"ഇന്നലെ ആ അലവലാതി പൂച്ചയ്ക്കായിരുന്നു കൊറോണ – ആ പാല് മുഴുവൻ കളയേം ചെയ്തു... പോട്ടെ..

ഇന്ന് നീയെന്റെ അടി വാങ്ങിക്കും."

വടി കണ്ടതും ഇക്രു ജീവനും കൊണ്ടോടി രക്ഷപ്പെട്ടു.

"ഈ അമ്മമാരൊക്കെ ചെല സമയത്ത് ഭയങ്കര ഡേഞ്ചറസാ." അവൻ തന്നത്താൻ പറഞ്ഞു.

✷

വരേം കുറീം

# വേനലിലെ കവിതകൾ

വരേം കുറീം ഏപ്രിൽ ഒന്നാം ലക്കം 'വേനലിൽ ഒരു കവിത'യോട് വരികൾ കൂട്ടിച്ചേർത്തവർ ഇവരാണ്.

## ഒരുനാൾ ഭൂമിയും


കാട്ടും മേട്ടും തോട്ടമെല്ലാം വറ്റിവരണ്ടു
ജീവജാലങ്ങൾ ചാരമായി
നാളെയും ഇതാവുകിൽ
ഭൂമിയും ഒരുനാൾ ചാരമാവാം.

**ശ്രീഹരി വി.ആർ.,**
5 ാം തരം, കവിതഭവൻ, പാങ്ങപ്പാറ പി.ഒ.,
തിരുവനന്തപുരം – 695581

## വാട്ടും ചിറകുകൾ

വെയിലിലെ ചൂടേറ്റ് വാട്ടും ചിറകോടെ
പറന്നകലുന്നു പക്ഷികളും
പച്ചവിരിച്ചതൊന്നുമില്ല ചുറ്റിലും
കരിഞ്ഞു കിടപ്പൂ പുല്ലുകൾ മാത്രം.

**തീർഥ പ്രവീൺ,** ശാർക്കര വീട്,
തൃശ്ശൂർ പി.ഒ.– 680306




# പകർപ്പവകാശം




**ടി.കെ. സുജിത്ത്**

ചിത്രീകരണം: കെ.സതീഷ്


മറ്റു കുട്ടികൾ പണംകൊടുത്ത് വാങ്ങിക്കൊണ്ടുവരുന്ന ഒരു ബോക്സ് അവരുടെ അനുവാദമില്ലാതെ നിങ്ങളാരെങ്കിലും എടുത്ത് ഉപയോഗിക്കാറുണ്ടോ? എന്തുകൊണ്ടാണ് അങ്ങനെ ചെയ്യാത്തത്? അത് മറ്റൊരാളുടെ സ്വന്തമാണ്, എന്നതുകൊണ്ടല്ലേ? എന്നാൽ നിങ്ങളുടെ സ്കൂളിൽ നിന്നും സൗജന്യമായി ലഭിച്ച, ചില സാമഗ്രികൾ കൊണ്ട് ഒരു കുട്ടി ബോക്സ് ഉണ്ടാക്കിയെന്ന് വിചാരിക്കുക. ആദ്യം പറഞ്ഞ കാര്യത്തിലേത് പോലെ അത് അവളുടെ "മാത്രം" ആണെന്ന തോന്നൽ ഇപ്പോൾ നിങ്ങൾക്ക് ഉണ്ടാകുന്നുണ്ടോ?




നിങ്ങളുണ്ടാക്കിയ ഒരു പാട്ട്, കഥ, കവിത, നാടകം, യുറീക്കാമാമനുള്ള കത്ത്, നിങ്ങൾ വരച്ച ചിത്രം... ഇതെല്ലാം എവിടുന്നാണ് വന്നതെന്ന് അലോചിച്ച് നോക്കിയിട്ടുണ്ടോ. മഴയെപ്പറ്റി ഒരു കവിത, വീട്ടിലേക്കുള്ള വഴിയെപ്പറ്റി ഒരു ചിത്രം, യുറീക്കയുടെ കവർചിത്രത്തെപ്പറ്റി മാമന് ഒരു കത്ത്. ഇതൊക്കെ എഴുതിയ അഥവാ സൃഷ്ടിച്ച ആളുടെ സ്വന്തമാണ്, ശരി തന്നെ. പക്ഷേ, അവയെല്ലാം മറ്റ് പലതിനെയും ഉപജീവിച്ചല്ലേ, ആശ്രയിച്ചല്ലേ രചിക്കപ്പെട്ടത്; മഴയെ, വഴിയെ, കവർ ചിത്രത്തെ അങ്ങനെ, അങ്ങനെ...

നിങ്ങളുടെ എല്ലാ ബൗദ്ധിക സൃഷ്ടികൾക്കും – രചനകൾക്കും ചിത്രങ്ങൾക്കും ആശയങ്ങൾക്കും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറുകൾക്കും– ഉള്ള അവകാശത്തെയാണ് ബൗദ്ധിക സ്വത്തവകാശം അഥവാ പേറ്റന്റ് എന്നു പറയുന്നത്. അവയിൽ രചനകളുമായി ബന്ധപ്പെട്ട അവകാശത്തെ പ്രത്യേകമായി പകർപ്പവകാശം എന്നും പറയും.



പുസ്തകങ്ങൾക്കെല്ലാം പകർപ്പവകാശം ഉണ്ട്. പക്ഷേ, അതിനൊരു കാലാവധിയുണ്ട്. അവയുടെ രചയിതാവ് മരിച്ച് 60 വർഷം കഴിഞ്ഞാൽപ്പിന്നെ ആ അവകാശം നഷ്ടപ്പെട്ട് അത് പൊതുസഞ്ചയത്തിൽ എത്തിച്ചേരും. ബൈബിളും ഖുറാനും രാമായണവും മഹാഭാരതവും ഒക്കെ ഇന്ന് പൊതു സഞ്ചയ കൃതികളാണ്.

പക്ഷേ, ബൗദ്ധിക സ്വത്തിനെല്ലാം മുൻപറഞ്ഞ പരിമിതിയുണ്ട്. സാമൂഹ്യമായ അറിവിന്റെ, തുടർച്ചയായാണ് അവ സൃഷ്ടിക്കപ്പെടുന്നത്. അത് മാനിച്ച് നിങ്ങൾക്ക് വേണമെങ്കിൽ നിങ്ങളുടെ ബൗദ്ധിക സ്വത്തവകാശം വേണ്ടെന്ന് വെയ്ക്കാം. അതിനെയാണ് പകർപ്പുപേക്ഷ അഥവാ കോപ്പി ലെഫ്റ്റ് എന്ന് പറയുന്നത്. മാഡം ക്യൂറി തന്റെ പ്രസിദ്ധമായ റേഡിയം കണ്ടുപിടുത്തത്തെ പേറ്റന്റ് ചെയ്തിരുന്നില്ല എന്ന് നിങ്ങൾ വായിച്ചിട്ടില്ലേ. പകർപ്പുപേക്ഷയിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചാൽ രചയിതാവിന്റെ എല്ലാ അവകാശങ്ങളും ഇല്ലാതാകുന്നു എന്നർത്ഥമില്ല. രചയിതാവിന് കടപ്പാട് രേഖപ്പെടുത്തി മറ്റുള്ളവർക്ക് പുനരുപയോഗിക്കാനും പങ്കുവെയ്ക്കാനും കഴിയും എന്നതാണ് അതുകൊണ്ട് പ്രധാനമായും അർത്ഥമാക്കുന്നത്. ഇത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ആഗോള പ്രസ്ഥാനമാണ് ക്രിയേറ്റീവ് കോമൺസ്.

യുനസ്കോയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ഏപ്രിൽ 23 ലോക പുസ്തകദിനവും പകർപ്പവകാശ ദിനവുമായി ആചരിച്ചു വരുന്നു. ശാസ്ത്രവിജ്ഞാനവും വിദ്യാഭ്യാസ സാമഗ്രികളും എല്ലാവർക്കും സ്വതന്ത്രമായി ലഭ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ ദിനാചരണം.

**എല്ലാ ബൗദ്ധിക സൃഷ്ടികൾക്കും – രചനകൾക്കും ചിത്രങ്ങൾക്കും ആശയങ്ങൾക്കും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറുകൾക്കും– ഉള്ള അവകാശത്തെയാണ് ബൗദ്ധിക സ്വത്തവകാശം അഥവാ പേറ്റന്റ് എന്നു പറയുന്നത്.**

# കാഴ്ചപ്പുറം

സുരഭിവചന



## ദിനാചരണം

ജന…
…
അമേ…
760 …
മല്ല എ…
അമേ…
ജ…

ജൂലൈ…
ഐക…
പിച്ചത്…

## അറിയാൻ

ക…
…
ഇത് മ…
അർഥ…
ഖ്യാ ക…
സ് ഉ…
സമയ…
ൽനി…

## കണ്ടുപിടിത്തം



# മാറട്ടെ നിറം

ആർക്കാ നിറം മാറാൻ കഴിയുന്നത്? ഓന്തിനെന്ന് എല്ലാവരും പറയും. അ… എന്നാൽ ഓന്തിനെപ്പോലെ മറ്റൊരാളെ പ… യപ്പെട്ടോളൂ. നിമിഷങ്ങൾക്കകം നിറം മാറ… കഴിയുന്ന "ഇദ്ദേഹം" ഒരു മീനാണ്.

ഇന്ത്യൻ തീരത്താണിതിനെ കണ്ടെത്ത… ക്കുന്നത്. തമിഴ്നാട്ടിലെ സേതുക്കരൈ തീ… കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാന… (CMFRI) ഗവേഷകരാണ് സ്കോർപി… മത്സ്യവിഭാഗത്തിൽ ഉൾപ്പെടുന്ന 'ബാ… യിൽ സ്കോർപിയോൺ' മത്സ്യത്തെ കണ്ടെത്തിയിരിക്… ഓന്തിനെപ്പോലെത്തന്നെ ശത്രുവിൽനിന്നും രക്ഷ… ഇരപിടിക്കാനുമാണ് ഈ മത്സ്യവും നിറം മാറുന്നത്.

സംഖ്യ കൂടിയ ലോകരാജ്യങ്ങൾ നോക്കൂ.
ചൈനയിൽ 143 കോടിയാണ് ജനങ്ങൾ. ഇന്ത്യയിൽ 137 കോടിയും. മൂന്നാം സ്ഥാനത്തുള്ള
രിക്കയിൽ 33 കോടി മാത്രമേ ജനസംഖ്യയുള്ളൂ. ലോകജനസംഖ്യ 2050 ആകുമ്പോഴേക്കും
കോടിയിൽ നിന്നും 980 കോടിയിലെത്തുമെന്ന് യു.എൻ.റിപ്പോർട്ടിൽ പറയുന്നുണ്ട്. മാത്ര
ുതാനും വർഷങ്ങൾക്കകം ഇന്ത്യ ചൈനയെ മറികടക്കുകയും ചെയ്യും. അതുപോലെത്തന്നെ
രിക്കയെ പിന്തള്ളി നൈജീരിയ മൂന്നാം സ്ഥാനത്തെത്തും.
നസംഖ്യ ഇങ്ങനെ കുതിച്ചുയരുന്ന കാലത്ത് ഇതാ ഒരു ജനസംഖ്യാദിനം കൂടി വരുന്നു.




# ജനപ്പെരുപ്പം

ല 11 ലോക ജനസംഖ്യാദിനമാണ്. 1987 ജൂലൈ 11ന് ജനസംഖ്യ 500 കോടി തികഞ്ഞതിന്റെ ഓർമയ്ക്കാണ്
്യരാഷ്ട്രസംഘടനയുടെ കീഴിലുള്ള യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം ജനസംഖ്യാദിനമായി പ്രഖ്യാ
്. ജനപ്പെരുപ്പം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ജനങ്ങളെ മനസ്സിലാക്കിക്കുവാനാണ് ഈ ദിനാഘോഷം.

## ണക്കെടുപ്പ്

സൻസസ് എന്ന ഇംഗ്ലീഷ് പദത്തിന്റെ മലയാളം വാക്ക് അറിയാമോ? അതാണ് കാനേഷുമാരി. സംശയിക്കേണ്ട.
മലയാളം തന്നെ. പേർഷ്യൻ ഭാഷയിൽ 'ഖാനെ' എന്നാൽ വീട് എന്നാണർഥം. 'ഷൊമാരെ' എന്നാൽ എണ്ണം എന്നും
ം. ഈ രണ്ടു പദങ്ങളും ചേർന്നതാണ് കാനേഷുമാരി. കാനേഷുമാരി എന്നാൽ ജനസംഖ്യാ കണക്കെടുപ്പ്. ജനസം
ണക്കെടുപ്പിന്റെ മുന്നോടിയായി വീടുകൾക്ക് നമ്പരിടുന്ന പതിവിൽ നിന്നാവാം ഈ വാക്കുണ്ടായത്. ഈ സെൻസ
ണ്ടായതോ? ഒരു രാജ്യത്തേയോ പ്രദേശത്തേയോ ജനങ്ങളിൽനിന്നും അവരെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ഒരേ
ം എടുക്കുക എന്നതാണ് സെൻസസ്. തിട്ടപ്പെടുത്തുക എന്നർഥം വരുന്ന 'സെൻസറെ' എന്ന ലാറ്റിൻ വാക്കി
ന്നാണ് സെൻസസ് വരുന്നത്.



ല്ല?
രിച
ാൻ


ിയിരി
രത്ത്.
ത്തിലെ
യാൺ
ൽഡ്ടെ
ുന്നത്.
നടാനും

ചുറ്റുപാട്

## വെട്ടാനെത്തല്ലേ...

വലിയ പുൽച്ചാടികളാണ് വെട്ടുകിളികൾ എന്നറിയപ്പെടുന്നത്. വളരെ വേഗം വംശവർധന നടത്തുന്നവയാണിവ. വളരെ ചെറുതിലെ കൂട്ടംചേരുന്നു. പൂർണ വളർച്ച എത്തിയാൽ ഇവ ആക്രമണ സ്വഭാവത്തോടെ ഒരുമിച്ചു വളരെ ദൂരം സഞ്ചരിക്കുന്നു. കൃഷിയിടങ്ങളെ മാത്രമല്ല സകല പച്ചപ്പുകളും ഇവ തിന്നു നശിപ്പിക്കുന്നു. ഒരു കൈവെള്ളയിലൊതുങ്ങുന്ന ഇവ ഉത്തരേന്ത്യയിൽ മുഴുവൻ നാശം വിതച്ചുകൊണ്ടിരിക്കുകയാണ്. തെക്കു പടിഞ്ഞാറൻ കാറ്റ് ദുർബലമായാൽ വെട്ടുകിളികൾ കേരളത്തിലെത്തുമെന്ന് കേരള സർവകലാശാല മുന്നറിയിപ്പു നൽകുന്നുണ്ട്. മണ്ണിൽ മുട്ടയിടുകയും പെറ്റുപെരുകുകയും ചെയ്യുകയാണെങ്കിൽ മെറ്റാ റൈസിയം എന്ന കീടനാശിനി ഉപയോഗിക്കാം. മണ്ണിളക്കി കൊടുത്താൽ മുട്ട നശിക്കുകയും ചെയ്യുമെന്ന് സർവകലാശാല അധികൃതർ മുന്നറിയിപ്പു തരുന്നു.

ഞാറ്റടി



# മനസ്സിൽ പറക്കുന്ന കിളി

**സ്വാതി സരീഷ്**
4, ജി എൽ പി സ്കൂൾ, ചേനപ്പടി, കാഞ്ഞിരപ്പള്ളി, കോട്ടയം

ചിത്രീകരണം: **ലിംന പി.എസ്.**
5 ാം തരം, എം.കെ.എം.എൽ.പി.എസ്., പൊങ്ങിൽ, തിരുവനന്തപുരം.

അടുക്കള വാതിൽ തുറക്കുന്നിടത്ത് ഒരു കോവൽ പന്തലുണ്ട്. ഒരുദിവസം നോക്കുമ്പോൾ അതിൽ ഒരു കുരുവി കൂടുകൂട്ടി യിരിക്കുന്നു. എനിക്കും എന്റെ കുഞ്ഞനുജത്തിക്കും സ ന്തോഷമായി.

'അവയെ ശല്യം ചെയ്യരുത്' അച്ഛൻ



പറഞ്ഞു.

'നമ്മുടെ വീട്ടിൽ താമസിക്കാൻ വന്നവരെ നമ്മൾ നോക്കണം, അമ്മ യും പറഞ്ഞു.

'അതെന്തു പക്ഷിയാണമ്മേ?'

'അങ്ങാടിക്കുരുവി. അവറ്റകൾക്ക് കൂടുകൂട്ടാൻ സ്ഥലമോ കൂടുണ്ടാക്കണ വസ്തുക്കളോ ഇല്ലാതായി.' അമ്മ പറ ഞ്ഞു.

കുറെ ദിവസങ്ങൾ കഴിഞ്ഞു നോക്കി യപ്പോൾ കൂട്ടിൽ രണ്ട് മുട്ട! പിന്നെ ഞങ്ങൾ മുട്ട വിരിയുന്നതും നോക്കിയിരിപ്പായി.

മുട്ട വിരിഞ്ഞു. രണ്ട് കുഞ്ഞുവാവകൾ.

ഞങ്ങൾക്ക് വലിയ സന്തോഷമായി.

കുരുവിയമ്മ പറന്നു വരുന്നതും തീറ്റ കൊടു ക്കുന്നതും കൗതുകമുള്ള കാഴ്ചയായിരുന്നു.

ഒരു ദിവസം സ്കൂളിൽ പോയി വന്നപ്പോൾ കൂട് കാലി!

കുഞ്ഞുങ്ങൾ പറന്നു പോയിരിക്കുന്നു.

ഞങ്ങൾക്ക് വലി യ വിഷമമായി.

'പറക്കാറായാൽ പിന്നെ പറന്നു പോകണ്ടെ?' അമ്മ ചോദിച്ചു.

'അങ്ങാടിക്കുരുവി എന്തായിരിക്കും ഇവിടെ വന്ന് കൂടുണ്ടാക്കിയത്?'

'അതിന് ഇവിടെ സുരക്ഷിതമായി തോന്നി യിരിക്കും'

ഇപ്പോഴും ആ കുരുവിയും കുടുംബവും മനസ്സിൽ പറന്നു കളിക്കുന്നു.

# അമ്മ

**ഋതുദേവ്**
4,നരിക്കുന്ന് യു.പി.സ്കൂൾ, എടച്ചേരി, വടകര, കോഴിക്കോട്



അമ്മ ചിരിക്കും നേരത്ത്
മാനം തിളങ്ങി ചിരിക്കുന്നു
അമ്മ കരയും നേരത്ത്
മാനം കറുത്തു കരയുന്നു

ചിത്രീകരണം: **സൂര്യഗായത്രി എം.**
3 ാം തരം, ജി.യു.പി.എസ്. വട്ടേക്കാട്,
കൊല്ലങ്കോട്, പാലക്കാട്

# അമ്മുവിന്റെ അവധിക്കാലം

**മെസ്ന. കെ.വി.**
5 ബി., ജി എച്ച് എസ് എസ് ടാഗോർ വിദ്യാനികേതൻ, തളിപ്പറമ്പ്, കണ്ണൂർ.



ചിത്രീകരണം: **സഹദിയ**

പരീക്ഷ ഒഴിവാക്കി സ്കൂൾ അടച്ച സന്തോഷത്തിലാണ് അമ്മു. ചിന്നുവിനൊപ്പം സൈക്കിൾ ചവിട്ടിക്കളിക്കാം. പരീക്ഷക്കാലമാണെങ്കിൽ അമ്മ കളിക്കാൻ വിടില്ല. ഇനി അവധിക്കാലം അടിച്ചു പൊളിക്കണം. അവൾ സൈക്കിൾ എടുത്ത് ഗേറ്റിനടുത്തെത്തി. അപ്പോഴാണ് ഒരു അനൗൺസ്മെന്റ് കേട്ടത്. തിരഞ്ഞെടുപ്പ് കാലമല്ലല്ലോ, പിന്നെന്താ ഒരു അനൗൺസ്മെന്റ്? അപ്പോഴേക്കും ആ വണ്ടി അവളുടെ അടുത്തെത്തി. അതൊരു പോലീസ് വണ്ടിയായിരുന്നു. ആരും പുറത്തിറങ്ങരുത് എന്നാണ് അവർ വിളിച്ചു പറയുന്നത്. അവൾ സൈക്കിൾ അവിടെയിട്ട് വീട്ടിലേക്കോടി. എന്തിനാണ് വീട്ടിലിരിക്കാൻ പറയുന്നതെന്ന് അമ്മയോട് ചോദിച്ചു. ലോകം മുഴുവൻ പടർന്നുപിടിച്ചു കൊണ്ടിരിക്കുന്ന കോവിഡ്- 19 രോഗത്തെക്കുറിച്ചും അവയ്ക്ക് കാരണമാകുന്ന കൊറോണ വൈറസ്സിനെക്കുറിച്ചും അമ്മ വിശദമായി അവൾക്ക് പറഞ്ഞു കൊടുത്തു. നമ്മുടെ രാജ്യവും ലോക്ഡൗൺ ആയ കാര്യം അവൾ മനസ്സിലാക്കി. എന്നാൽ ഇനി പുസ്തകങ്ങൾ വായിച്ചും ചിത്രം വരച്ചും അമ്മയെ സഹായിച്ചും അവധിക്കാലം ആഘോഷമാക്കാം, അവൾ തീരുമാനിച്ചു.

# കുഞ്ഞിക്കിളികൾ പറക്കുന്നു

**ആദികേശവ് എ**
3 ബി, ഭാരതീയ വിദ്യാഭവൻ സ്കൂൾ, ചേവായൂർ, കോഴിക്കോട്

പുഴയ്ക്കുള്ളിൽ ദ്വീപുണ്ട്
ദ്വീപിൽ വലിയൊരു മരമുണ്ട്
മരത്തിന്മേലൊരു കൂടുണ്ട്
കൂട്ടിന്നുള്ളിൽ കിളിയുണ്ട്
കിളിയുടെ കുട്ടികൾ രണ്ടുണ്ട്
കൂട്ടിൽ കലപില കൂട്ടുന്നു
കുഞ്ഞിച്ചിറകു നിവർത്തുന്നു
കുഞ്ഞിക്കിളികൾ പറക്കുന്നു



ചിത്രീകരണം: **നീരവ്**
യു.കെ.ജി, ജി.എം.എൽ.പി.സ്കൂൾ,
പട്ടാമ്പി, പാലക്കാട്

## ഉള്ളതല്ല, ഉള്ളിലുള്ളതാണ് എഴുതേണ്ടത്

അമ്മയെക്കുറിച്ച് എഴുതി ഋതുദേവ് പ്രകൃതിയേയും ഭൂമിയേയും കവിതയിൽ എത്തിക്കുന്നു. അവിടമെല്ലാം സ്വന്തം അമ്മയെ കാണുന്നു.

ആദികേശവിന്റേത് സാധാരണമായ കാഴ്ചയുടെ അവതരണമാണ്. കൃത്യവും ലളിതവുമായി ആ കാഴ്ച കാണിച്ചു തരുന്നു. സന്തോഷം. എന്നാൽ, കാണുന്നതിൽ കാണാത്ത ചിലതുണ്ട്. അതു കാണാനും കാണിച്ചുതരാനും അകക്കണ്ണ് തുറക്കണം. ഒരുപാട് വായിക്കണം, ഒരുപാടൊരുപാട് ആലോചിക്കണം, സ്വപ്നം കാണണം, എങ്കിലേ അതു സാധിക്കൂ.

മെസ്സ കഥ എന്ന ശീർഷകമുള്ള രചനയാണ് അയച്ചത്. കഥയായില്ല എന്നു പറഞ്ഞാൽ പിണങ്ങുമോ?

ഒഴിവു കിട്ടിയാൽ ആഘോഷിക്കാം. ആഘോഷം നമ്മുടെ ഉള്ളിൽ നിന്ന് വരണം. ഉള്ളിൽ ശരിക്ക് എത്തിയാലേ പുറത്തേക്ക് വരൂ. അങ്ങനെ ഉൾക്കൊള്ളാത്തതുകൊണ്ട് കഥയ്ക്ക് പകരം ഒരു സംഭവം വിവരിച്ചതു പോലെ ആയി. അതും ഇല്ലാത്ത സംഭവം. പരീക്ഷ ഒഴിവാക്കിയത് എന്തിനാണ് എന്ന് അറിയാത്ത കുട്ടികൾ ഉണ്ടാവുമോ?

സ്വാതി സരീഷിന്റെ നിരീക്ഷണക്കുറിപ്പിൽ ഒരുപാട് മാറ്റം വരുത്തിയിട്ടുണ്ട്. കഥ എഴുതണോ നിരീക്ഷണം എഴുതണോ എന്ന തീർച്ചയില്ലാതെയാണ് സ്വാതി എഴുതിയത്. അതുകൊണ്ടാണ്.

**സഹചാരി**

# തിര തിരയുന്നത്

റഫീക്ക് പൂനത്ത്



ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

തിരയുവതെന്തേ തീരത്തിങ്ങനെ
തിരമാലകളേ നിങ്ങൾ?
കടലമ്മയ്ക്ക് കുരുന്നുകളെഴുതിയ
അക്ഷരമുത്തുകളാണോ?
രാത്രിയിലലകളിലൊഴുകി
നടന്നൊരു
പൊൻകിണ്ണം പോയ്പ്പോയോ?
മേലേ മുല്ലപ്പന്തൽ പൊഴിച്ചൊരു
മുല്ലകൾ പുലരി കവർന്നോ?
അന്തിച്ചെങ്കതിർ തുന്നിത്തന്നൊരു
ആടകൾ വച്ചു മറന്നോ?
കാറ്റുപറഞ്ഞൊരു കുഞ്ഞിക്കഥയുടെ
പൊരുളുകൾ മണലിലൊളിച്ചോ?



# താടിരോഗം

**കാർട്ടൂൺ**

ആശയം: സുനിൽദേവ്
ചിത്രീകരണം: രാജീവ് എൻ ടി





## തട്ടീം മുട്ടീം

ഷിനോര

ചിത്രീകരണം: കെ.സതീഷ്

# അച്ഛൻ പൊരിപ്പ്

ഈ കോവിഡ് കാലത്ത് ഞാനെന്റെ വീട്ടിലെ ഒരു ജനാലയ്ക്കരികിൽ ചെന്നിരിക്കാറുണ്ട്. പുറത്തേക്ക് നോക്കിയിരിക്കും.

മനസ്സിൽ നിറയെ കിട്ടാത്ത ഓരോ വിഭവങ്ങൾ എത്തിയെത്തിപ്പിടിക്കും. ചിലപ്പോൾ പറയും, എനിക്ക് വയ്യ, ഇപ്പം 'ലാലീസിലെ ഫ്രൈഡ് റൈസ്' കിട്ടണം. ഇപ്പം 'മയൂരി'യിലെ ചില്ലീപൊറോട്ട വേണം.

ഇപ്പം ഓവർബ്രിഡ്ജിനടുത്തെ മിൽക്ക് സർബത്ത് കുടിക്കണം.

ഏയ്... എവിടുന്ന് കിട്ടാൻ. പക്ഷേ, അച്ഛൻ ലോക്ഡൗൺ ചക്കക്കുരുഷേക്ക് ഉണ്ടാക്കിത്തന്നു. ചക്കക്കുരു പുഴുങ്ങി പാലും പഞ്ചാരയും ചേർത്ത്... അച്ഛൻ തണ്ണിമത്തൻ പായസം ഉണ്ടാക്കിത്തന്നു. പാലും തണ്ണിമത്തനും ചേർത്ത്. അച്ഛൻ ചാമ്പ ഷേയ്ക്ക് ഉണ്ടാക്കിത്തന്നു. പാലും ചാമ്പയും ചേർത്ത്.

പാലില്ലാതെ അച്ഛൻ സ്പെഷലില്ല. അമ്മയും ഗിവിയും കളിയാക്കി. അങ്ങനെയാണ് അച്ഛൻ പൊരിക്കാൻ തീരുമാനിച്ചത്. അത് വിളിച്ചുപറഞ്ഞപ്പോൾ അമ്മ വിഭവത്തിന് പേരിട്ടു. ജാക്ക്പൊരി.

പക്ഷേ, അച്ഛൻ കുലുങ്ങിയില്ല. നല്ല തേൻവരിക്ക വെട്ടിപ്പൊളിക്കുമ്പോൾ പറഞ്ഞു: "ഇതാണ്






ലോക്ഡൗൺ കുഴ... നല്ല ഉറപ്പുണ്ട് കുഴച്ചക്കയ്ക്ക്."

ഞങ്ങൾ പ്രോത്സാഹിപ്പിച്ചു. :"വെട്ടിപ്പൊളി അച്ഛാ വെട്ടിപ്പൊളി."

ചുള ചീന്തി രണ്ടായി വെടിപ്പാക്കി ഒരു പാത്ര ത്തിലിട്ടുകൊടുത്തു.

സ്പൂണിൽ അളന്ന്, മൈദപ്പൊടി, കടല പ്പൊടി, ആട്ടപ്പൊടി എന്നിവ അരക്കപ്പ് അളന്നു വച്ചു. കാൽ സ്പൂണിന്റെ പകുതി ജീരകം പൊടിച്ചതും ബാക്കി പകുതി ചുക്കുപൊടിച്ചതുമായി അര സ്പൂണും അതിൽ ചേ ർത്തു. കാൽ സ്പൂണിന്റെ പകുതി മഞ്ഞൾപ്പൊടിയും ചേർത്തു.

പിന്നെ... ചെറിയ രണ്ടു സ്പൂൺ പഞ്ചസാരയും ചേർത്തു. അത് എനിക്കും ഗിവിക്കും വേണ്ടിയാണെ ന്ന് പ്രത്യേകം പറഞ്ഞു.

അങ്ങനെ ഇപ്പറഞ്ഞ തെല്ലാം അര ഗ്ലാസ് വെള്ളം കൊണ്ട് കലക്കി യെടുത്തു.

"കുഴയ്ക്കുവേണ്ടിയുള്ള ലോക്ഡൗൺ കുഴയ്ക്കൽ കഴിഞ്ഞു." അച്ഛൻ പറ ഞ്ഞു.

"എന്നാൽ ലോക്ഡൗ ൺ പൊരിക്കൽ തുടങ്ങാം." അമ്മ പറഞ്ഞു.

ഞാൻ ഓടി ഫ്രയി ങ്പാൻ എടുത്തു വന്നു. അമ്മ വെളിച്ചെണ്ണ ഒഴിച്ച് പാൻ അടുപ്പത്ത് വച്ചു. ഓരോ ചുളയും മാവിൽ മുക്കി അച്ഛൻ അമ്മയ്ക്ക് കൊടുത്തു.

അമ്മ അതോരോന്നും മുക്കിപ്പൊരിച്ചു.

കഴിക്കാൻ നേരം അച്ഛൻ പറഞ്ഞു:

"ഇതാണ് ലോക്ഡൗൺ കുഴപ്പൊരി."

അമ്മ പറഞ്ഞു : "അല്ലല്ല ലോക്ഡൗൺ ജാക്ക്പൊരി."

ഞാൻ പറഞ്ഞു : "ഇതു രണ്ടുമല്ല, ഇതാണ് അച്ഛൻപൊരിപ്പ്."

✷



# സ്നേഹത്തിന്റെ കഥ



**വി. ചന്ദ്രബാബു**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

കുട്ടി പേന കയ്യിലെടുത്ത് എഴുതാൻ തുടങ്ങിയപ്പോൾ കടലാസിന്റെ ചോദ്യം.

"നീ എന്താണെഴുതാൻ പോകുന്നത്?"

"ഞാനൊരു കഥ എഴുതാൻ പോവുകയാണ്." കുട്ടി പറഞ്ഞു.

"കഥയോ? ആരുടെ കഥ?" വീണ്ടും കടലാസിന്റെ ചോദ്യം.

"ആരുടെ കഥ എന്നൊന്നും തീരുമാനിച്ചിട്ടില്ല. ചിലപ്പോൾ നിന്റെ കഥയാകാം. ചിലപ്പോൾ പേനയുടെ കഥയാകാം. അതുമല്ലെങ്കിൽ എന്റെ കഥയാകാം." കുട്ടി മറുപടി പറഞ്ഞു.

"നീ എന്തു കഥയാണ് എഴുതാൻ പോകുന്നതെന്ന് എനിക്കറിയണം." കടലാസ് അൽപം കടുപ്പിച്ചാണ് അത് പറഞ്ഞത്.

"നോക്കൂ..." കുട്ടി സൗമ്യതയോടെ കടലാസിനോട് പറഞ്ഞു.

"ഞാൻ ആദ്യമായാണ് ഒരു കഥയെഴുതാൻ പോകുന്നത്. നീ ഇങ്ങനെ തടസ്സപ്പെടുത്തിയാൽ





# തീറ്റ...

**രതീശൻ ചെക്കിക്കുളം**

ചിത്രീകരണം: രാജീവ് എൻ ടി



നമ്മുടെ കാടുകൾ തിന്നു മൃഗങ്ങ–
ളുറങ്ങും തണലുകൾ തിന്നു....
കാറ്റും മഴയും കൈകോർത്തോടും
ഞാറ്റു തലപ്പുകൾ തിന്നു..
മഞ്ചാടിക്കുരു പൊട്ടിച്ചിതറും
മഞ്ഞക്കുന്നുകൾതിന്നു
നമ്മുടെപകലുകൾ തിന്നു നിലാവിൻ
കൊന്നപ്പൂവുകൾ തിന്നു
പൂഴിക്കല്ലുകൾ മുങ്ങിയെടുക്കും
പുഴകളെ വാരി തിന്നു..
പൂവുകൾ തിന്നു പുലർക്കാലത്തിൻ
പുഞ്ചിരി കൊത്തി തിന്നു

ഇനിയുമടങ്ങിയിരുന്നാൽ നമ്മള
മവരുടെ തീനായ് തീരും.

✷

---

എനിക്ക് കഥ വരില്ല."

"എന്തിനാണ് നീ കഥയെഴുതുന്നത്?" കടലാസിന്റെ ചോദ്യം.

"എന്തിനാണ് കഥ എഴുതുന്നതെന്ന് എനിക്കറിയില്ല. എനിക്കൊരു കഥ എഴുതണം." കുട്ടി പറഞ്ഞു.

"എന്നോട് കഥ പറഞ്ഞ ശേഷം എഴുതിയാൽ മതി." കടലാസ് വാശിയിൽ തന്നെ.

"എന്ത് കഥയാണ് എഴുതാൻ പോകുന്നതെന്നൊന്നും എനിക്കറിയില്ല." കുട്ടിയുടെ മറുപടി.

"അതു കൊള്ളാം. അറിയാത്ത കഥ പിന്നെ എങ്ങനെയാണ് എഴുതുന്നത്." കടലാസ് കുട്ടിയെ നോക്കി ചിരിച്ചു.

"പേന കയ്യിലെടുത്ത് ഞാൻ എഴുതുന്നുവെന്നേ ഉള്ളൂ. എന്താണ് എഴുതാൻ പോകുന്നതെന്ന് എനിക്ക് തന്നെ അറിയില്ല." കുട്ടി പറഞ്ഞു.

"അത് കള്ളം."

"നിന്നോട് ഞാനെന്തിന് കള്ളം പറയണം?" കുട്ടി പേനകൊണ്ട് കടലാസിനെ തൊട്ടു.

"സങ്കടത്തിന്റെ കഥകൾ എനിക്കിഷ്ടമല്ല." കടലാസ് പറഞ്ഞു.

"സങ്കടത്തെപ്പറ്റിയും കഥകളുണ്ടാവില്ലേ?" കുട്ടിയുടെ ചോദ്യം.

"സന്തോഷത്തെപ്പറ്റി എഴുതിയാൽ എല്ലാവർക്കും സന്തോഷമാവില്ലേ? " കടലാസിന്റെ മറു ചോദ്യം.

"ലോകത്ത് സങ്കടമുണ്ടാകുമ്പോൾ അതേപ്പറ്റിയും എഴുതേണ്ടിവരും." കുട്ടി പറഞ്ഞു.

"സ്നേഹത്തിന്റെ കഥകളാണ് എനിക്കിഷ്ടം." കടലാസ് പറഞ്ഞു.

"കഥ സ്നേഹമാണ്. സ്നേഹത്തിൽ നിന്നാണ് കഥകൾ ഉണ്ടാകുന്നത്." കുട്ടി കടലാസിന് ഒരു ഉമ്മ കൊടുത്തു. പിന്നെ കടലാസ് ഒന്നും മിണ്ടിയില്ല. കുട്ടി പേനയെടുത്ത് കഥ എഴുതാൻ തുടങ്ങി.

✷

# ശാസ്ത്രക്കൊട്ട



**ശിവപ്രസാദ് പാലോട്**

ചിത്രീകരണം: കെ.സതീഷ്




വേറെ ഒരാവശ്യത്തിന് ആ വഴി പോയതാണ്. അപ്പോളുണ്ട് ലക്ഷ്മി മുന്നിൽവന്നു നിൽക്കുന്നു.

"മാഷെന്താ ഈ വഴി... ഇതാണ് എന്റെ വീട്. മാഷേ ചായ കുടിച്ച് പോയാ മതി..."

അവളുടെ വാശിക്കു മുമ്പിൽ കീഴടങ്ങി. അമ്മ ചായ ഉണ്ടാക്കാൻ പോയ തക്കത്തിന് ലക്ഷ്മി അവളുടെ പഠനമുറി കാണിക്കാൻ കൊണ്ടുപോയി. മൂലയ്ക്കിരിക്കുന്ന പെട്ടി അപ്പോളാണ് ശ്രദ്ധയിൽപ്പെട്ടത്.

ശാസ്ത്രക്കൊട്ട.

തുറന്നു നോക്കിയപ്പോൾ തെല്ല് നാണത്തോടെ അവൾ പറഞ്ഞു.

"മാഷേ, സ്കൂളിലെ ലാബ് പോലെ ഞാൻ സ്വന്തമായി ഒരു ലാബ് ഉണ്ടാക്കി നോക്കിയതാ."

സാധനങ്ങൾ എല്ലാം പ്ലാസ്റ്റിക് കവറുകളിലും പാത്രങ്ങളിലും ആക്കി വൃത്തിയായി ലേബൽ ഒട്ടിച്ചിട്ടുണ്ട്.

ഉപ്പ്– സോഡിയം ക്ലോറൈഡ്

ചുണ്ണാമ്പ്– കാൽസ്യം ഹൈഡ്രോക്സൈഡ്

തുരിശ്– കോപ്പർ സൾഫേറ്റ്

കുമ്മായം– കാൽസ്യം കാർബണേറ്റ്

അപ്പക്കാരം– സോഡിയം ബൈ കാർബണേറ്റ്

അലക്കുകാരം– സോഡിയം കാർബണേറ്റ്, വിനാഗിരി, ഗ്ലൂക്കോസ്, പഞ്ചസാര എന്നിങ്ങനെ സകല സാധനങ്ങളും ലക്ഷ്മിയുടെ ലാബിലുണ്ട്.

ചെമ്പരത്തിപ്പൂ ഉരച്ച കടലാസ്, കാന്തങ്ങൾ, ബാറ്ററി പൊളിച്ചു കിട്ടിയ കാർബൺ ദണ്ഡ്, സിങ്ക്... അങ്ങനെയങ്ങിനെ.

ബീക്കറിന് പകരം പ്ലാസ്റ്റിക് കുപ്പികളെ വൃത്തിയായി മുറിച്ചെടുത്തിരിക്കുന്നു. കുപ്പികളുടെ വായ്ഭാഗം മുറിച്ചെടുത്ത് തല കീഴാക്കിയതാണ് ഫണലുകൾ.

കണ്ണാടി, കണ്ണടച്ചില്ലുകൾ, ടോർച്ചിന്റെ റിഫ്ലക്ടറുകൾ, ടോയ് കാർ, അതിലെ പൽച്ചക്രങ്ങൾ, ഡി.സി. മോട്ടോർ, അവൾ തന്നെ ഉണ്ടാക്കിയ കാലിഡോസ്കോപ്പ്, പെരിസ്കോപ്പ്... ലാബ് നിറയെ സാധനങ്ങളാണ്.

ആശുപത്രിയിൽ നിന്നും ഒഴിവാക്കിയ ഗ്ലൂക്കോസ് ബോട്ടിലും പ്ലാസ്റ്റിക് കുഴലുമാണ് അവൾ പിപ്പറ്റ് ആക്കി മാറ്റിയിരിക്കുന്നത്. അതിന്റെ നോബ് തിരിച്ചാൽ വെള്ളം വീഴുന്നതിന്റെ വേഗവും അളവും നിയന്ത്രിക്കുന്നത് അവൾ പ്രവർത്തിപ്പിച്ചു കാണിച്ചു.

പലയിടത്തുനിന്നും ശേഖരിച്ച മണ്ണ്, തൂവലുകൾ, ഇലകൾ, വേരുകൾ, വിത്തുകൾ എന്നിവയുടെ ശേഖരം.



കണ്ടു നിൽക്കുന്നതിനിടയിൽ അമ്മ ചായ കൊണ്ടുവന്നു.

"മാഷേ ഇതൊക്കെയാണ് വീട്ടിൽ വന്നാൽ ഇവളുടെ പണികൾ. വായിക്കുകയുമില്ല, പഠിക്കുകയുമില്ല."

"അതിനെന്താ അമ്മേ ഇതിലൂടെയൊക്കെ ലക്ഷ്മി അറിയാതെ എന്തൊക്കെ കാര്യങ്ങളാ പഠിച്ചിട്ടുണ്ടാകുക എന്നറിയുമോ."

ലക്ഷ്മി അടുത്ത സയൻസ് ക്ലബിന് ഈ ലാബ് പ്രദർശിപ്പിക്കണം. നമ്മുടെ കൂട്ടുകാരൊക്കെ ഇതേപോലെ അവരുടെ വീട്ടിലും ഉണ്ടാക്കട്ടെ.


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

**വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം**

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

പ്രേമജ ഹരീന്ദ്രൻ

9

ചിത്രീകരണം: റോഷൻ

# ഭൂമിയിലെ നക്ഷത്രങ്ങൾ

സുപ്പുവിന് ഉറങ്ങാനേ കഴിഞ്ഞില്ല. തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ നേരം പുലരാതിരുന്നെങ്കിൽ എന്നുമാത്രമായിരുന്നു അവന്റെ ചിന്ത.

വൈകുന്നേരം സ്കൂൾ വിട്ടിറങ്ങുമ്പോൾ മേഘയാണ് ഓർമിച്ചത്.

"എല്ലാവരും കേൾക്കുന്നുണ്ടോ? നാളെ സുപ്പുവിന്റെ ഹാപ്പി ബർത്ത്ഡേയാണേയ്."

അതു കേട്ടതും പോകാനിറങ്ങിയവർ കൂടി തിരികെ വന്നു.

"ആഹാ! ശരിയാണല്ലോ നാളെ സുപ്പുവിന്റെ ഹാപ്പി ബർത്ത്ഡേ തന്നെ.' ചുമരിലെ കലണ്ടർ നോക്കി അൻഷാദ് ഉറപ്പുവരുത്തി.

അപ്പോഴാദ്യമായി സുപ്പുവിന് വിനയട്ടീച്ചറോട് ദേഷ്യം തോന്നി. ടീച്ചറിങ്ങനെ എല്ലാരുടേം പിറന്നാൾ ക്ലാസ്റൂമിലെ കലണ്ടറിൽ എഴുതിയിട്ടതുകൊണ്ടല്ലേ എല്ലാരും അറിഞ്ഞത്!

"സുപ്പൂ, നാളെയെന്താ? കേക്കോ പായസമോ?" എല്ലാരും കൂടി ചോദിക്കുന്നതൊന്നും സുപ്പു കേട്ടതേയില്ല.

അവരൊക്കെ പോകുന്നതുവരെ ഒന്നും മിണ്ടാതെ ക്ലാസ്സിൽ തന്നെയിരുന്നു.

രാഹുലിന്റെ ഹാപ്പി ബർത്ത്ഡേ ഞായറാഴ്ചയായിരുന്നു. സ്കൂളിൽ വന്ന് ആഘോഷിക്കാൻ കഴിയാത്തതിന്റെ സങ്കടം ഇന്നലെ അവൻ പറയുന്നുണ്ടായിരുന്നു. എന്നാലും വീട്ടിൽ നിന്ന് കുമ്പൻതൊപ്പി വെച്ച് കേക്ക് മുറിച്ചതും മെഴുകുതിരി ഊതിക്കെടുത്തിയതുമൊക്കെ പറഞ്ഞ് എല്ലാവരെയും കൊതിപ്പിച്ചു.

അവന്റെ അമ്മ ഇന്നലെ സ്കൂളിൽ വന്ന് ഉച്ചഭക്ഷണത്തിന്റെ കൂടെ പായസം തന്നു. സ്കൂളിലെ പതിവ് അതാണല്ലോ.

പിറന്നാളുകളിൽ മിഠായിയ്ക്ക് പകരം കേക്ക് അല്ലെങ്കിൽ ഉച്ചഭക്ഷണത്തിന്റെ കൂടെയൊരു സ്പെഷ്യൽ. പായസമോ കറിയോ പപ്പടമോ അങ്ങനെയെന്തെങ്കിലും.

അന്നത്തെ സ്പെഷ്യൽ തന്ന പിറന്നാൾകുട്ടിയുടെ ഫോട്ടോ ടീച്ചർമാർ സ്കൂൾ വാട്സാപ്പ്ഗ്രൂപ്പിലിടുകയും ചെയ്യും.

ഇന്നലെ ഫയാസിന്റെ ഫോട്ടോ വാട്സാപ്പിൽ വന്നത് അപ്പുറത്തെ വീട്ടിലെ സുഹ്റത്താത്തയാണ് കാണിച്ചുതന്നത്. സുപ്പുവിന്റെ ഉമ്മയ്ക്ക് ഫോണില്ല. അതുകൊണ്ട് സുഹ്റത്താത്തയുടെ നമ്പറാണ് സ്കൂളിൽ കൊടുത്തിട്ടുള്ളത്. സ്കൂളിലെ വിശേഷങ്ങളും അറിയിപ്പുകളുമെല്ലാം വരുന്നത് സ്കൂൾ ഗ്രൂപ്പിലാണ്.

തിരിഞ്ഞും മറിഞ്ഞും കിടക്കുന്നതിനിടയിലെപ്പോഴോ സുപ്പുവിന്റെ കണ്ണുകളിലേക്ക് ഉറക്കമെത്തി. പുലരാറായപ്പോൾ ഒരു സുന്ദരസ്വപ്നം സുപ്പുവിനെ തേടിയെത്തി. നിറയെ ഞൊറികളുള്ള

വെള്ളക്കുപ്പായമിട്ട ചിറകുള്ള ദേവതമാർ പറന്നുവന്നു. എല്ലാവരുടെ കയ്യിലും സമ്മാനപ്പൊതികൾ. നടുവിലെ മേശയുടെ മുകളിൽ 'ഹാപ്പി ബർത്ത്ഡേ സുപ്പു' എന്നെഴുതിയ കേക്ക്. നടുവിൽ കുത്തിനിർത്തിയ നിറമുള്ള മെഴുകുതിരികൾ.

ഉമ്മയുമുണ്ട് കൂടെ. നല്ല തിളങ്ങുന്ന കസവു സാരിയുടുത്തപ്പോൾ ഉമ്മയെ കാണാനെന്തൊരു ഭംഗി! കേക്ക് മുറിക്കാൻ തുടങ്ങുന്നതേയുണ്ടായിരുന്നുള്ളൂ ആരോ തട്ടി വിളിച്ചു.

"ഇതെന്തൊരൊറക്കാ മോനേ? സ്കൂളിൽ പോണ്ടേ?"

ഉമ്മയാണ്. സ്വപ്നത്തിലെ തിളങ്ങുന്ന സാരിയല്ല. എന്നും അമ്മിണിട്ടീച്ചറുടെ വീട്ടിൽ ജോലിയ്ക്ക് പോകുമ്പോഴുടുക്കുന്ന നരച്ച കാച്ചിത്തുണിയും ബ്ലൗസും തട്ടവും.

"ഉമ്മാ, ഇന്നെന്റെ ഹാപ്പി ബർത്ത്ഡേയാ പോലും," സങ്കടത്തോടെ സുപ്പു പറഞ്ഞുനിർത്തിയപ്പോൾ ഉമ്മയുടെ മുഖം മങ്ങി.

"നിനക്ക് ഓർമയുണ്ടല്ലേ? ഞാനായിട്ട് ഓർമിപ്പിക്കേണ്ടെന്ന് കരുതിയതായിരുന്നു. മോൻ വേഗം കുളിച്ച് സ്കൂളിൽ പോയ്ക്കോ കേട്ടോ.

പറഞ്ഞുനിർത്തുമ്പോൾ ഉമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നുവെന്ന് സുപ്പു കണ്ടു. ഉമ്മയോട് പായസത്തിനോ കേക്കിനോ പൈസ ചോദിക്കാൻ സുപ്പുവിന് തോന്നിയില്ല. അവനറിയാം ഉമ്മ എത്രമാത്രം കഷ്ടപ്പെടുന്നുണ്ടെന്ന്.

ഉമ്മ പോയിക്കഴിഞ്ഞിട്ടും കുറേനേരം നിലത്ത് വിരിച്ച പായയിൽത്തന്നെ സുപ്പു കിടന്നു.

ഇന്ന് സ്കൂളിൽ പോകാതിരുന്നാലോ? അതുവേണ്ട, പിന്നെ പോകുമ്പോൾ എല്ലാരും കളിയാക്കും. ഏത് കുപ്പായമിടും? പിറന്നാളിന് ആരും യൂണിഫോമിടാറില്ലല്ലോ. കഷ്ടം! സ്കൂളിൽ എല്ലാ ദിവസവും യൂണിഫോം തന്നെ വേണമെന്നുള്ള നിയമമുണ്ടായാൽ മതിയാരുന്നു.

അമ്മിണിട്ടീച്ചറുടെ മോളുടെ കല്ല്യാണത്തിന് എല്ലാർക്കും ഡ്രസ്സെടുക്കുന്ന കൂട്ടത്തിൽ തനിക്കും ഒന്ന് കിട്ടിയിരുന്നു. കുറേനാളായി സ്കൂളിലല്ലാതെ പുറത്ത് പോകുമ്പോഴെല്ലാം അതാണ് ഇടുന്നത്. ലേശം നിറം മങ്ങിയിട്ടുണ്ട്. എന്നാലും പിറന്നാൾക്കോടിയായി അതാവാം. പക്ഷേ, എല്ലാരും കേക്കിനും പായസത്തിനും ചോദിക്കുമ്പോഴോ? പിറന്നാളായിട്ട് സുപ്പുവിന്റെ ഫോട്ടോ കണ്ടില്ല





**നിറയെ ഞൊറികളുള്ള വെള്ളക്കുപ്പായമിട്ട ചിറകുള്ള ദേവതമാർ പറന്നുവന്നു. എല്ലാവരുടെ കയ്യിലും സമ്മാനപ്പൊതികൾ.**

ല്ലോന്ന് എല്ലാരും ചോദിക്കുമ്പോഴോ?

സ്കൂളിലേക്ക് നടക്കുമ്പോൾ ഉള്ളിലൊരു കരച്ചിൽ തിക്കുമുട്ടിയിരിക്കുന്നുവെന്ന് സുപ്പുവിന് തോന്നി. സ്കൂൾ ഗേറ്റിനടുത്തെത്തിയിട്ടും കയറാതെ അവൻ നിന്നു.

"സുപ്പുവെന്താ ഇവിടെ നിൽക്കുന്നത്?" വിനയട്ടീച്ചറാണ്.

"ഇതെന്താ കളർ ഡ്രസിൽ? പിറന്നാളാ?"

ടീച്ചറുടെ ചോദ്യം തീരും മുമ്പേ ഉള്ളിൽ അടക്കിവെച്ചിരുന്ന കരച്ചിൽ പുറത്തെത്തിയിരുന്നു.

"യ്യോ! ഇതെന്താ? പിറന്നാളുകുട്ടി കരയുവാണോ?" ടീച്ചർ സുപ്പുവിനെ ചേർത്തുപിടിച്ചു.

ടീച്ചറുടെ സാരിഞൊറികൾക്കുള്ളിൽ മുഖമൊളിപ്പിച്ച് കരഞ്ഞുകൊണ്ടുതന്നെ സുപ്പുപറഞ്ഞു:

"സീച്ചറേ, ന്റെ ഹാപ്പി ബർത്ത്ഡേയായിട്ട് ഞാൻ പൈസ കൊണ്ടുവന്നിത്തില്ല പായസത്തിന്; കേക്കും കൊണ്ടന്നിത്തില്ല. കലണ്ടർ നോക്കി എല്ലാരും ഇന്നലെത്തന്നെ പറഞ്ഞിരുന്നു... പൈസയില്ല.... ഉമ്മ...," പൂർത്തിയാക്കാൻ കഴിയാതെ സുപ്പു ഏങ്ങലടിച്ചു.



"അതൊന്നും സാരമില്ല. തൽക്കാലം സുപ്പു പോയി ക്ലാസിലിരിക്ക്." വാത്സല്യത്തോടെ കവിളത്തൊന്ന് തട്ടി ടീച്ചർ തന്നെ സുപ്പുവിനെ ക്ലാസ്സിൽ കൊണ്ടാക്കി.

പത്തുമണിയുടെ ബെല്ലടിച്ചപ്പോൾ വിനയ ടീച്ചർ ക്ലാസ്സിലെത്തി. അവരുടെ കയ്യിൽ നല്ല ഭംഗിയുള്ള ചിത്രങ്ങളുള്ള ഒരു കലണ്ടറുണ്ടായിരുന്നു. ചുവരിലെ കലണ്ടർ മാറ്റി പുതിയത് തൂക്കിക്കൊണ്ട് ടീച്ചർ പറഞ്ഞു.

"നോക്ക്, നല്ല ഭംഗീല്ലേ ഈ കലണ്ടർ? ഇനി ഇതുമതി നമ്മുടെ ക്ലാസ്സിൽ കേട്ടോ."

എല്ലാവർക്കും പുതിയ കലണ്ടറിലെ ചിത്രം ഇഷ്ടപ്പെട്ടു. അതു നോക്കുന്ന തിരക്കിൽ പഴയ കലണ്ടർ ആരും ശ്രദ്ധിച്ചില്ല. ടീച്ചർ അതു ചുരുട്ടി ചവറ്റുകൊട്ടയിലിടുന്നത് സുപ്പു കണ്ടു.

"എല്ലാരും ഒന്ന് ശ്രദ്ധിക്കൂ. ഒരുകാര്യമുണ്ട്."

എല്ലാരും ടീച്ചറെ നോക്കി. ടീച്ചർ സുപ്പുവിന്റെ അടുത്തുചെന്ന് അവനെ ചേർത്തുനിർത്തിക്കൊണ്ട് പറഞ്ഞു:

"ഇന്ന് സുപ്പുവിന്റെ പിറന്നാളാണ്. ഉച്ചഭക്ഷണത്തിന് അവന്റെ വകയായി നല്ല പാൽപ്പായസമുണ്ട്, കേട്ടോ."

എല്ലാവരും 'ഹാപ്പി ബർത്ത്ഡേ ടു യൂ' എന്ന് പാട്ടുപാടികൊണ്ട് കൈമുട്ടിയപ്പോൾ സുപ്പു ടീച്ചറുടെ സാരിയ്ക്കുള്ളിൽ മുഖമൊളിപ്പിച്ചു നിൽക്കുകയായിരുന്നു.

വാട്സാപ്പ്ഗ്രൂപ്പിലിടാനായി ടീച്ചർ മൊബൈലിൽ എടുത്ത ഫോട്ടോ കാണാൻ എല്ലാരും തിരക്കുകൂട്ടി. നിറഞ്ഞുവന്ന കണ്ണുകൾ തുടച്ചുകൊണ്ട് സുപ്പു പോയി തന്റെ സീറ്റിലിരുന്നു. ടീച്ചർ അവനെ നോക്കി ചിരിച്ചു.

അതിശയത്തോടെ നോക്കുമ്പോൾ പുലർച്ചയ്ക്കുള്ള സ്വപ്നത്തിൽ കണ്ട ദേവതമാരിലൊരാളുമായി ടീച്ചർക്ക് നല്ല സാമ്യമുണ്ടെന്ന് സുപ്പുവിന് തോന്നി.

*(തുടരും)*

**യുറീക്ക കാത്തിരിക്കുന്നു നിങ്ങളുടെ കത്തുകൾക്കായി...**



**എന്തെല്ലാം വിശേഷങ്ങളുണ്ട് നിങ്ങൾക്ക് പറയുവാനായി. സ്കൂളിലെ വിശേഷങ്ങൾ, വീട്ടിൽ നടന്ന ചർച്ചകൾ, വഴിയരികിൽ കണ്ട കാഴ്ചകൾ, പത്രം വായിച്ചപ്പോൾ നിങ്ങൾക്ക് തോന്നിയത്, സിനിമ കണ്ടപ്പോൾ ചിന്തിച്ചത്, പുതുതായി വായിച്ച പുസ്തകം, പ്രിയപ്പെട്ട ടീച്ചറെക്കുറിച്ച്, നിങ്ങളെ കൊതിപ്പിച്ച ഭക്ഷണം...**

**യുറീക്കയോടല്ലെങ്കിൽ മറ്റാരുമായി നിങ്ങളിതൊക്കെ പങ്കുവെക്കും. ഒപ്പം യുറീക്കയിൽ വന്ന രചനകളെക്കുറിച്ചുള്ള അഭിപ്രായവും. ഇന്ന് തന്നെ എഴുതൂ, മാറ്റിവെക്കാതെ. രക്ഷിതാക്കളുടെ മൊബൈൽ ഫോണിൽ നിന്ന് മെയിലായി അയയ്ക്കാമല്ലോ.**

**വിലാസം : priyappettaeureke@gmail.com**

**: 9497172919**

**തപാലിലാണെങ്കിൽ യു–മെയിൽ, യുറീക്ക, ചാലപ്പുറം പി.ഒ, 673 002.**




പീക്കിരി.ഇൻ
കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.
മുതിർന്നവർ ഇത് വായിച്ചുകൊടുക്കുമല്ലോ.

# ചങ്ങാതിമാർ

രാജേശ്വരി കെ.

യുദ്ധാക്കളത്തിലും
ചതുരംഗക്കളിയിലും
ആനയും കുതിരയും
ചങ്ങാതിമാർ.
ഓടും കുതിര തൻ
മുതുകത്തിരിപ്പവൻ
ഉത്സാഹം കൊണ്ടു
മതിമറക്കും.
ഓടുന്നൊരാനതൻ
മുതുകത്തിരിപ്പവൻ
മരണത്തെ കണ്ടു
പേടിച്ചിരിക്കും.



ചിത്രീകരണം: രാജീവ് എൻ ടി


# കുഞ്ഞന്റെ കേക്ക്



രാധാകൃഷ്ണൻ എടച്ചേരി

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

ഒരു മൂളിപ്പാട്ടുമായാണ് കുഞ്ഞുറുമ്പ് എഴുന്നേറ്റത്. ഇന്ന് പെങ്ങളുറുമ്പിന്റെ പിറന്നാളാണ്. ഒരു പിറന്നാൾ കേക്ക് അവൾക്ക് കൊടുക്കണം. ഹാപ്പി ബർത്ത് ഡേ പറയണം. അവളുടെ സന്തോഷം മൊബൈലിൽ എടുക്കണം.



കുഞ്ഞൻ പാട്ടും
പാടി നേരെ
ബേക്കറിയുടെ
മുന്നിലെത്തി.
നല്ല തിരക്കാണ്.
ഉറുമ്പുകളൊക്കെ
കാത്തിരിക്കുക
യാണ്.
കുറേ നേരം
നിന്നപ്പോൾ
കേക്കിന്റെ
ഒരു കുഞ്ഞു തുണ്ട്
കിട്ടി.

ഹാവൂ... അതും
തലയിൽ ചുമന്ന്
കുഞ്ഞനുറുമ്പ്
കുതിച്ചുപാഞ്ഞു.






പെട്ടെന്നാണ്
മുന്നിൽ എന്തോ
ചാടി വീണത്.

കട്ടു...റുമ്പ്...
കുഞ്ഞൻ
ഞെട്ടിക്കരഞ്ഞ്
മൂത്രമൊഴിച്ചു
പോയി.

മീശപിരിച്ച്
കട്ടുറുമ്പ് കുഞ്ഞനു
റുമ്പിനെ വിരട്ടി.

"എടുക്കെടാ
കേക്ക്..."






കേക്കുമായി കട്ടുറുമ്പ്
പോവുമ്പോൾ കുഞ്ഞൻ
കൂട്ടുകാർക്ക് വാട്സ്
ആപ്പ് അയച്ചു.

"രക്ഷിക്കണേ...
എന്റെ കേക്ക് കട്ടുറുമ്പ്
കട്ടെടുത്തേ..."

അതാ വരുന്നു ഒരു പട ഉറുമ്പുകൾ.
ഇപ്പോൾ പേടിച്ചത് കട്ടുറുമ്പാണ്.
അവൻ കേക്ക് തുണ്ട് നിലത്തിട്ട് ഓടി രക്ഷപ്പെട്ടു.



കുഞ്ഞനും കൂട്ടുകാരും വീട്ടിലെത്തി. പെങ്ങളുറുമ്പ് കേക്കു മുറിച്ചു.
"ഹാപ്പി ബെർത്ത് ഡെ" കുഞ്ഞനുറുമ്പ് പറഞ്ഞു.



# യു-മെയിൽ




**കത്തുകൾ**
**അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002

## കൊറോണക്കാലത്തെ അച്ഛന്റെ അനുഭവം

എന്റെ അച്ഛൻ തിരുവനന്തപുരം മെഡിക്കൽകോളേജിലെ അറ്റന്റാറാണ്.

ഒരു ദിവസം അച്ഛൻ വൈകിയേ എത്തു എന്ന് അറിഞ്ഞപ്പോൾ അമ്മ ആകെ വിഷമിച്ചു.

എന്താണ് കാരണമെന്ന് അന്വേഷിച്ചപ്പോഴാണ് കൊറോണയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അമ്മ പറഞ്ഞു തന്നത്. അപ്പോൾ എനിക്കും വലിയ സങ്കടമായി. കുറച്ചുദിവസം അച്ഛന് കൊറോണ വാർഡിലായിരുന്നു ജോലി. അതുകഴിഞ്ഞ് വീട്ടിലെത്തി 14 ദിവസം കോറന്റൈനിലായിരുന്നു. ദിവസവും ആഹാരം കഴിക്കുന്നതിനും പ്രാഥമിക കർമങ്ങൾക്കും മാത്രമെ അച്ഛൻ മുറിയിൽ നിന്നും പുറത്തിറങ്ങിയിരുന്നുള്ളൂ. 14 ദിവസത്തിനു ശേഷം അച്ഛൻ ജോലിക്കു പോകാനും തുടങ്ങി. കോറന്റൈനിൽ വീട്ടിൽ അടുത്ത മുറിയിൽ ഉണ്ടായിരുന്നിട്ടും ഞാൻ അച്ഛനെ



ഒരുപാട് മിസ് ചെയ്തു. ഇതുതന്നെയാണ് എല്ലാ ആരോഗ്യപ്രവർത്തകരുടേയും വീട്ടിൽ എന്ന് ഞാൻ വിശ്വസിക്കുന്നു. എന്തായാലും അച്ഛന്റെ കരുതൽ കാരണം ഞങ്ങൾ കൊറോണയിൽ നിന്നും രക്ഷപ്പെട്ടു. ഈ അസുഖം ലോകത്തു നിന്നും പൂർണമായും മാറും വരെ ഞങ്ങൾ ഈ കരുതൽ തുടരും. ഇപ്പോഴത്തെ ഈ വിഷമം നാളത്തെ സന്തോഷത്തിനു വേണ്ടിയാണെന്ന് അച്ഛൻ ഞങ്ങൾക്ക് പറഞ്ഞു തന്നു.

**അരുന്ധതി വി.ജി.,** ഗവ.എൽ.പി.എസ്. ആനാട്, ആനാട് പി.ഒ., നെടുമങ്ങാട് – തിരുവനന്തപുരം

## വിഷമമായി

ഒരുപാട് നാളായി ഞാൻ മാമനൊരു കത്ത് അയച്ചിട്ട്. യുറീക്കയിലെ എല്ലാ കഥകളും എനിക്കിഷ്ടമാണ്. അമ്മമണമുള്ള കനിവുകൾ ആയിരുന്നു എന്റെ മനം കവർന്നെടുത്ത കഥ. ആ കഥ പെട്ടെന്ന് അവസാനിച്ചപ്പോൾ എനിക്ക് വിഷമമായി.



ഇത് പോലുള്ള കഥകൾക്കായി ഞങ്ങളെല്ലാം കാത്തിരിക്കുകയാണ്. യുറീക്ക വായിക്കുന്ന കുട്ടുകാരുടെ സംശയങ്ങൾ തീർത്തു തരുന്ന ഒരു പംക്തി ആരംഭിക്കുമോ മാമാ?

**ആഷ്ന ഷിറിൻ,** 7 എ., സെന്റ്. ജോസഫ്സ് എച്ച്.എസ്, മതിലകം

*(യുറീക്കയോടു ചോദിക്കാം എന്ന പംക്തി ഉണ്ടല്ലോ. സംശയങ്ങൾ അയയ്ക്കു.)*



Volume 42 No. 3 Eureka 2020 July 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.



## ഓൺലൈൻ പഠനം

ജൂൺ ഒന്നിന് കൈറ്റ് വിക്ടേഴ്സ് ചാനലിൽ ഓൺലൈൻ ക്ലാസ് തുടങ്ങി. എനിക്ക് ഇംഗ്ലീഷ് ക്ലാസ്സായിരുന്നു അന്ന്, സിജടീച്ചറിന്റെ.

രസകരം. അരമണിക്കൂർ പോയതറിഞ്ഞില്ല. ടീച്ചർ ഒരു കുഞ്ഞ് പാട്ടിലായിരുന്നു തുടങ്ങിയത്. ഞാനും കൂടെ പാടി. പിന്നെ പ്രകൃതിയെപ്പറ്റി, അതിന്റെ പ്രാധാന്യം മനസ്സിലാക്കി ഒരു കഥ. വരണ്ടുണങ്ങിയ പ്രദേശത്തിന്റെയും ഇടതൂർന്ന പ്രദേശത്തിന്റെയും വ്യത്യാസങ്ങൾ പറഞ്ഞു തന്നായിരുന്നു അത്.

ടീച്ചർ ക്രാഫ്റ്റും ചെയ്തുകാണിച്ചു. ഇലകൾ, മരങ്ങൾ, കിളികൾ, പൂമ്പാറ്റകൾ എന്നിവ ഒട്ടിച്ചുചേർത്ത് മനോഹരമാക്കിയതാണ് കാണിച്ചുതന്നത്. എന്നിട്ട് കുറച്ച് പ്രവർത്തനങ്ങളും ചെയ്യാനും പറഞ്ഞു.

രാത്രിയായപ്പോഴേക്കും ഞാനെല്ലാ പ്രവർത്തനങ്ങൾ ചെയ്തുതീർത്തു. ഉടനെ വാട്സ് ആപ്പ് വഴി ഞാനതെന്റെ ക്ലാസ്ടീച്ചർക്ക് അയച്ചുകൊടുത്തു.

**ധ്വനി മനോജ്,** 4 ാം തരം, ജി.യു.പി.എസ്. വേളമാനൂർ, കൊല്ലം.

## അറിവിന്റെ ലോകത്ത്...

ഈ അടുത്താണ് ഞാൻ യുറീക്ക വായനക്കാരി ആയത്.


എനിക്ക് യുറീക്ക വളരെ അധികം ഇഷ്ടമായി. ഓരോ ലക്കത്തിനു വേണ്ടിയും ഞാൻ കാത്തിരിക്കാറുണ്ട്.

അമ്പതാം വയസ്സിലെത്തി നിൽക്കുന്ന യുറീക്ക മാമന് എല്ലാ വിധ ആശംസകളും നേരുന്നു. ഇനിയും ഒരുപാട് കുട്ടികളെ അറിവിന്റെ ലോകത്ത് എത്തിക്കാൻ കഴിയട്ടെ.

**റിയ ഫെബിൻ കെ.എ.,** ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്.

## പിശക് പറ്റി

ഡിസംബർ 16 ലക്കത്തിലെ മാറിമറിയുന്ന കാലാവസ്ഥ എന്ന ലേഖനത്തിൽ "സൂര്യനോടുള്ള അടുപ്പവും അകലവുമാണ് ഭൂമിയിലെ കാലാവസ്ഥയെ നിർണയിക്കുന്ന പ്രധാന ഘടകം" എന്ന് കാണുന്നു. ഇത് ശരിയല്ല. ഭൂമി സൂര്യന് ഏറ്റവും അടുത്തുവരുന്നത് ജനുവരി 3 നാണ്. അപ്പോൾ ഉത്തരാർധ ഗോളത്തിൽ തണുപ്പുകാലമാണ്. അച്ചുതണ്ടിന്റെ ചെരിവു മൂലം പ്രകാശം പതിക്കുന്ന കോൺ ആണ് പ്രധാനം. ഭൂമി സൂര്യനിൽ നിന്ന് ഏററവും അകലുന്നത് ജൂലായ് നാലിന്നാണ്. അപ്പോൾ നമുക്ക് ചൂടുകാലമാണ്.




**പി ആർ ചന്ദ്രമോഹനൻ,** ആൻഡ്രോമീഡ, കുർക്കഞ്ചേരി

*(തെറ്റ് ചൂണ്ടിക്കാട്ടിയതിന് നന്ദി)*

Date of Publication : 25/6/2020 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78








Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS